




# ബ്രഹ്മശ്രീ

ദ്വൈമാസിക
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2018 നവംബർ – ഡിസംബർ, വാള്യം :16 – ലക്കം:1



## സൂരജ് & സരസ്വതി

കാർത്തികപ്പള്ളി താലൂക്കിൽ കണ്ടല്ലൂർ വില്ലേജിൽ പൊഡൂർ ഇല്ലത്തു ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും രുഗ്മിണി അന്തർജ്ജനത്തിന്റെയും മകൾ പി. യു. സരസ്വതിയും കരുനാഗപ്പള്ളി ക്ലാപ്പന തോട്ടത്തിൽ ഇല്ലത്തു പരേതനായ ഗോപിക രമണൻ നമ്പൂതിരിയുടെയും ശ്യാമളാദേവി അന്തർജ്ജനത്തിന്റെയും മകൻ ജീ.സൂരജും തമ്മിലുള്ള വേളി 2018 ഒക്ടോബർ 22നു നങ്ങിയാർകുളങ്ങര ദുവി കൺവെൻഷൻ സെന്ററിൽ വച്ച് നടന്നു



## അഖിൽ & മാളവിക

എറണാകുളം വെളിയന്നൂർ ചെറുതുരുത്തി ഇല്ലത്തു സി.എം. കൃഷ്ണന്റെയും ബിന്ദുവിന്റേയും മകൻ അഖിൽ കൃഷ്ണനും പന്തളം കടക്കാട്ടുളാക ഇല്ലത്തു ഹരികുമാർ നമ്പൂതിരിയുടെയും പുഷ്പാദേവിയുടെയും മകൾ മാളവികയും തമ്മിലുള്ള വേളി 2018 ഡിസംബർ 8നു പന്തളം നാനക് കൺവെൻഷൻ സെന്ററിൽ വച്ച് നടന്നു



## ശ്രുതി & മുരളി

തൃശൂർ അമ്പക്കാട്ട് ഇല്ലത്തു (ശ്രേയസ്സ്) കൃഷ്ണകുമാറിന്റെയും അംബികാ കൃഷ്ണകുമാറിന്റെയും മകൾ ശ്രുതിയും കണ്ണൂർ ജില്ലയിൽ പള്ളിക്കുന്ന് മഞ്ചക്കൽ ഇല്ലത്തു എം.പി.മുരളീധരന്റെയും പി.സാവിത്രിയുടെയുംപുത്രൻ ഗോകുൽ മുരളിയും തമ്മിലുള്ള വേളി 2018 നവംബര് 25 നു കണ്ണൂർ താണ സാധു കല്യാണമണ്ഡപത്തിൽ വച്ചു നടന്നു

2018 നവംബർ – ഡിസംബർ, വാല്യം : 16 – ലക്കം: 1

# ബ്രഹ്മശ്രീ

**മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം**
**ദ്വൈമാസിക**

**ഓം ഭൂർഭുവസ്വ തത്സവിതുർ വരേണ്യം**
**ഭർഗ്ഗോദേവസ്യ ധീമഹി**
**ധിയോ യോ നഃ പ്രചോദയാത്**

## പത്രാധിപസമിതി

**ശ്രീ. പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം – 686 634, ഫോൺ : 8281108575

**ശ്രീ. ടി. വി. നാരായണ ശർമ്മ** (കേന്ദ്ര പ്രസിഡന്റ്)
താമരശ്ശേരി ഇല്ലം, മാലം പി.ഒ., കോട്ടയം – 686 019
ഫോൺ : 9562356959

**ശ്രീ. കെ. വി. ദേവൻ ഇളയത്** (കേന്ദ്ര സെക്രട്ടറി)
കൊണഞ്ചേരി ഇല്ലം, ഏങ്ങണ്ടിയൂർ പി. ഒ.,
തൃശൂർ – 680 615, ഫോൺ : 8589895026, 8129480591

**ശ്രീ. എം. എൻ. കേശവൻ ഇളയത്**
രാജ്ഭവൻ (മേച്ചേരിൽ ഇല്ലം ), തൃപ്പൂണിത്തുറ,
എറണാകുളം – 682 301, ഫോൺ : 9995110078

**ശ്രീ. നീലാംബരൻ ഇളയത്**
തോട്ടത്തിൽ ഇല്ലം (ശ്രീവത്സം), ചെറുതുരുത്തി പി.ഒ.,
തൃശൂർ – 679 531, ഫോൺ : 94468 89931

**ശ്രീമതി. ശാരദാമണി കെ. കെ.**
കൃഷ്ണപ്രഭ, കളവംകോടം പി. ഒ., ചേർത്തല ,
ആലപ്പുഴ – 688 524, ഫോൺ : 94976 34008

**ഡോ. ഹരികൃഷ്ണ ശർമ്മ**
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയ – 686 503, ഫോൺ : 98475 98896

**ശ്രീ. അരുൺ കീച്ചേരിൽ** (സർക്കുലേഷൻ)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ. – 686 575, ഫോൺ : 94468 46461

**ശ്രീ. വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം – 682 306, ഫോൺ : 94475 66168

**Bank Account : Indian Bank, M.G. Road,**
**Ernakulam | A/c. No. : 867897300,**
**IFSC Code : IDIB000M036**
**email : brahmasreembs@gmail.com**

**സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം**
**അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം**
**ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം**
**നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം**
**ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം**
**സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ**
**ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ**
**വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ**

## പത്രാധിപക്കുറിപ്പ്

ശ്രീകൃഷ്ണ കുചേലകഥയ്ക്ക് നമ്മൾ കാണാത്ത ഒരു ദാർശനിക തലമുണ്ട്.
അഖിലാണ്ഡകോടി ബ്രഹ്മാണ്ഡ കടാഹങ്ങളെ നിയന്ത്രിയ്ക്കുന്നവനും സർവവ്യാപിയുമായ ഭഗവാന് അറിയാത്തതാണോ
കുചേലന്റെ ദാരിദ്ര്യം?
അത് പരിഹരിയ്ക്കാൻ അദ്ദേഹത്തിന്
നിഷ്പ്രയാസം സാധിയ്ക്കില്ലേ.
അങ്ങിനെ ചെയ്തില്ല .
നേരിട്ട് കണ്ടിട്ടും കുചേലന് ഒന്നും
ചോദിയ്ക്കാൻ സാധിച്ചില്ല.
അതിന്റെ ആവശ്യവും ഉണ്ടായിരുന്നില്ല.
ആവശ്യപ്പെടാതെ തന്നെ എല്ലാം അറിഞ്ഞ്
ഒന്നും പറയാതെ ഭഗവാൻ കുചേലന്റെ പ്രശ്നം പരിഹരിച്ചു. സ്വന്തം ദുഃഖപരിഹാരത്തിന് ഒരു ചെറിയ നീക്കം അല്ലെങ്കിൽ കർമ്മം കുചേലന്റെ ഭാഗത്തുനിന്ന് ഉണ്ടാവണമായിരുന്നു.
അതുണ്ടായപ്പോൾ ബാക്കിയെല്ലാം
ദ്വാരകാധിപൻ ചെയ്തുകൊടുത്തു.
ഈ തത്ത്വമല്ലേ കുചേലകഥയിലെ നമ്മൾ നിത്യജീവിതത്തിൽ ഉപയോഗിയ്ക്കേണ്ട ഗുണപാഠം.
നമുക്കെല്ലാം ഇതു ബാധകമാണ്. ദുഃഖനിവൃത്തിയ്ക്കോ ഐശ്വര്യവർദ്ധനവിനോ
വേണ്ടിയുള്ള ശ്രമം നാം തന്നെ തുടങ്ങണം.
ഭഗവാനിൽ ഉറച്ചുവിശ്വസിച്ചുകൊണ്ട്.
ജീവിതവും ലക്ഷ്യവും അധാർമികമാകരുതെന്നുമുണ്ട്.
ബാക്കിയെല്ലാം അദ്ദേഹം നോക്കിക്കൊള്ളും.

ഒരു ഡിസംബർ കൂടി കഴിയുന്നു.
അടുത്തമാസം മുതൽ നമുക്കും
സുദാമാവ് അല്പം താമസിച്ചാണെങ്കിലും
ശ്രമിച്ച വഴി ഒന്നു പിൻതുടർന്നാലോ

എല്ലാവർക്കും ബ്രഹ്മശ്രീയുടെ
നവവത്സരാശംസകൾ.

ഹരി
പത്രാധിപർ

**ഉപദേശകസമിതി**
**ഡോ പി.വി വിശ്വനാഥൻ നമ്പൂതിരി**
**ഡോ പി.സി.മുരളീമാധവൻ | പ്രൊഫ. ബാലചന്ദ്രശർമ**

Layout & Printing
S.N.Nampoothiri, Essence Creations, Kottayam

# പത്രാധിപ സമിതിയുടെ ഭാവിസങ്കല്പങ്ങൾ

ബഹുമാന്യരായ സമാജാംഗങ്ങൾക്കു ചുമതലയേറ്റിരിക്കുന്ന പുതിയ പത്രാധിപ സമിതിയുടെ വിനീത നമസ്കാരം.

വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളെ സാക്ഷാത്കരിയ്ക്കാൻ ഉതകുന്ന തികച്ചും അനുയോജ്യമായ ഒരു രംഗവേദിയായി മലയാളബ്രാഹ്മണ സമാജ മുഖപത്രമായ ബ്രഹ്മശ്രീയെ വളർത്തിയെടുക്കാൻ നിസ്വാർത്ഥമായി അക്ഷീണം പരിശ്രമിച്ച എല്ലാ കഴിഞ്ഞകാല പ്രവർത്തകരുടെയും പാദം തൊട്ടു വണങ്ങി വാഗ്ദേവതയായ വാണീദേവിയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചുകൊണ്ട് ഞങ്ങൾ അഭിമാന പൂർവം ഈ ചുമതല ഏറ്റെടുക്കുന്നു.

വായനക്കാരായ സമാജാംഗങ്ങൾ ബ്രഹ്മശ്രീ വായിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് അടുത്ത ലക്കം എത്തിച്ചേരാൻ കാത്തിരിക്കുന്ന ഒരുപരമപൂർണതയിലേക്ക് ഉള്ളടക്കത്തെ എത്തിക്കുക എന്നതാണ് വളരെ ചുരുക്കത്തിൽ പറഞ്ഞാൽ പത്രാധിപസമിതിയുടെ സ്വപ്നം.

സമാജനേതൃത്വത്തിന്റെ നയപരിപാടികളും പ്രവർത്തന പദ്ധതികളും അംഗങ്ങളിലേക്ക് എത്തിക്കാനും, അംഗങ്ങളുടെ പ്രതികരണങ്ങളും ആശയങ്ങളും അഭിപ്രായങ്ങളും നേതൃത്വത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും ഉള്ള പ്രഥമവേദിയായിരിക്കും അല്ലെങ്കിൽ ആയിരിക്കണം ബ്രഹ്മശ്രീ.

വായനക്കാരുടെ ആസ്വാദനരസനയിൽ മധുരം പകരാനും എല്ലാവരുടെയും കലാസാഹിത്യപ്രവർത്തനങ്ങളെ പരിപോഷിപ്പിക്കാനും ഞങ്ങൾ ചുമതലാബദ്ധരുമാണ്. ഇതിനൊക്കെ വേണ്ടി താഴെ അക്കമിട്ടുപറയുന്ന മാറ്റങ്ങൾ അടുത്തലക്കം മുതൽ ഉണ്ടായിരിക്കും.

1. വായനക്കാരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ഞങ്ങൾ അറിയാനാഗ്രഹിയ്ക്കുന്നു. അതുകൊണ്ട് **പ്രതിധ്വനി** എന്നൊരു പംക്തി ആരംഭിയ്ക്കുന്നു. സ്ഥലപരിമിതി ഒരു വലിയ പ്രശ്നം ആയതുകൊണ്ട് നിങ്ങളുടെ ചിന്തകൾ കഴിയുന്നത്ര ചുരുക്കി കാര്യമാത്ര പ്രസക്തമായി എഴുതിയറിയിക്കുക.

2. സമസ്യാപൂരണവും പദപ്രശ്നവും ഈ ലക്കത്തിൽ തന്നെ പുനരാരംഭിച്ചിരിക്കുകയാണ്. പദപ്രശ്നം ശരിയായി എഴുതിയയക്കുന്നവരുടെ പേരുകൾ പ്രസിദ്ധീകരിക്കുന്നതാണ്.

3. ലേഖനം, കഥ, കവിത, യാത്രവിവരണം തുടങ്ങിയവയിൽ അയച്ചു കിട്ടുന്നവ എല്ലാം പ്രസിദ്ധീകരിയ്ക്കാൻ സ്ഥലപരിമിതി മൂലം അസൗകര്യം ഉണ്ട്. മാത്രവുമല്ല, ഉയർന്ന നിലവാരം നിലനിറുത്താൻ ചെറിയതോതിലുള്ള 'തിരഞ്ഞെടുക്കലിന്' ഞങ്ങൾ നിർബന്ധിതരാണ്. ദയവായി സഹകരിയ്ക്കുക. ബ്രഹ്മശ്രീയിലെ കവിതകളുടെ നിലവാരത്തെക്കുറിച്ച് പരാതികൾ ഇതിനകം തന്നെ വന്നിട്ടുണ്ട്. വൃത്തനിബദ്ധമായ കവിതകൾക്ക് മുൻഗണന നൽകാനാണ് ശ്രമം.



ഗുരുണാ പ്രേഷിതാ വയം.

ബ്രഹ്മശ്രീ
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
ദ്വൈമാസിക

കുറഞ്ഞ പക്ഷം തട്ടും മുട്ടും ഇല്ലാതെ ഈണത്തിൽ പാടാനെങ്കിലും കഴിയുന്നവയാകണം കവിതകൾ. പ്രസിദ്ധീകരിയ്ക്കാത്ത മാറ്ററുകൾ തിരിച്ചയയ്ക്കാൻ സാങ്കേതികമായി ബുദ്ധിമുട്ടുണ്ട്. അയയ്ക്കുന്നവർ ഒരു കോപ്പി സൂക്ഷിയ്ക്കുക.

4. വേളി, ചോറൂണ്,ഉപനയനം തുടങ്ങിയവയുടെ ഫോട്ടോകൾ നമുക്ക് ബ്രഹ്മശ്രീയിൽ പ്രസിദ്ധീകരിയ്ക്കാം. വാർത്ത എല്ലാവരിലും എത്തിയ്ക്കാം. ഇതിനായി നിശ്ചയിച്ചിട്ടുള്ള ഒരു ചെറിയ തുക ബ്രഹ്മശ്രീ അക്കൗണ്ടിലേയ്ക്കും അയച്ചേക്കുക. സമാജാംഗങ്ങളുടെ സാമ്പത്തികമായ പിന്തുണ ബ്രഹ്മശ്രീയുടെ നിലനിൽപ്പിനു നമുക്ക് അനിവാര്യമാണ്. ബ്രഹ്മശ്രീയുടെ പുറം കവറിൽ കുടുംബയോഗഫോട്ടോകൾ പ്രസിദ്ധീകരിക്കുക ആണ് ലക്ഷ്യം. അതുകൊണ്ടു കുടുംബത്തിന്റെ കൂടിച്ചേരലിന്റെ ചിത്രങ്ങൾ അയച്ചുതരിക.

5. സൃഷ്ടികൾ അയയ്ക്കുന്നവർ കമ്പ്യൂട്ടറിൽ മലയാളത്തിൽ ടൈപ്പ് ചെയ്തു അയച്ചാൽ നന്നായിരിയ്ക്കും. അക്ഷരത്തെറ്റുകളും അച്ചടിച്ചിലവുകളും കുറയ്ക്കാനും സമയം ലഭിയ്ക്കാനും ഇതു സഹായകവും വളരെയേറെ സൗകര്യപ്രദവും ആയിരിയ്ക്കും.

6. കേരളീയ പുരാതന വാസ്തുകലയുടെ നൈപുണ്യമികവുകളുടെ സുന്ദരദൃഷ്ടാന്തങ്ങളായ നമ്മുടെ ഇല്ലങ്ങളുടെ മനോഹരമായ ഫോട്ടോകൾ (ഓരോ ലക്കത്തിലെ ഓരോന്നു വീതം) അഞ്ചോ ആറോ വാചകങ്ങളിലെഴുതിയ ചുരുക്കിയ ഒരു ചരിത്ര വിവരണവുമായി പ്രസിദ്ധീകരിയ്ക്കുവാൻ ആഗ്രഹിയ്ക്കുന്നു. ഫോട്ടോകൾ അയച്ചുതരിക. ആദ്യം ലഭിയ്ക്കുന്നവ ആദ്യം എന്ന ക്രമത്തിൽ പ്രസിദ്ധീകരിയ്ക്കുന്നതാണ്. നമുക്ക് വേണ്ടത് ഇല്ലങ്ങളുടെ അകത്തു നിന്നോ പുറത്തു നിന്നോ എടുത്ത കെട്ടിടത്തിന്റെ ചിത്രങ്ങളാണ് . ആളുകളെ ഒഴിവാക്കിയുള്ള ഫോട്ടോകൾ ആണ് ഉദ്ദേശിയ്ക്കുന്നത്.

7. സൃഷ്ടികൾ അയയ്ക്കുന്നവർ ബന്ധപ്പെടുവാനുള്ള ഫോൺനമ്പർ അതോടൊപ്പം അയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിയ്ക്കുക. സംശയ നിവൃത്തിയ്ക്കും തിരുത്തലുകൾക്കും ഒക്കെ വേണ്ടി ഞങ്ങൾക്ക് ബന്ധപ്പെടാൻ ഇത് ആവശ്യമാണ്. ഋജുവും സുതാര്യവുമായ ഒരു ബന്ധം എഴുത്തുകാരും വായനക്കാരും ഒക്കെയായി ഞങ്ങൾക്കുണ്ടാവണം എന്നാണ് ആഗ്രഹം.

8.	നമ്മുടെ സംസ്കാരവുമായി ബന്ധപ്പെട്ട ചില പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ചു രസകരവുംവിജ്ഞാനപ്രദവുമായ ഒരു സംവാദം ബ്രഹ്മശ്രീ തുടങ്ങുവാൻ ആഗ്രഹിക്കുന്നു . ആദ്യ വിഷയം അടുത്ത ലക്കത്തിൽ. സൗകര്യപ്രദമായ ഒരു തുറന്ന വേദിയിൽ ഈ വിഷയങ്ങളെക്കുറിച്ചു നേരിട്ടുള്ള സംവാദങ്ങളും ബ്രഹ്മശ്രീയുടെ ആഭിമുഖ്യത്തിൽ തുടർന്ന് സംഘടിപ്പിക്കുന്നതായിരിക്കും .

9.	ക്ലാസിഫൈഡ് പരസ്യങ്ങൾ നമ്മൾ തുടങ്ങിക്കഴിഞ്ഞു . നമ്മുടെ വായനക്കാർ ഉപഭോക്താക്കളാകുന്നതും സമാജഅംഗങ്ങൾ നടത്തുന്നതുമായ സ്ഥാപനങ്ങളുടെ പ്രചാരണത്തിനും ലഭ്യമാകുന്ന സേവനങ്ങളുടെ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ഇത് അനുയോജ്യമായ വേദി ആണ് . ഉപയോഗപ്പെടുത്തുക. നിരക്കുകൾ അന്യത്ര ചേർത്തിട്ടുണ്ട്.

ഓരോ ലക്കവും അറിവുകളുടെ ഭണ്ഡാഗാരവും ആശയങ്ങളുടെ അക്ഷയഖനിയും സാഹിത്യരസത്തിന്റെ കൽക്കണ്ടക്കനിയും ആക്കിത്തീർക്കുവാൻ സഹകരിക്കുക.

തെറ്റുകൾ ചൂണ്ടിക്കാണിച്ചും , ക്രിയാത്മക നിർദേശങ്ങൾ നൽകിയും,സർഗാത്മകരചനകൾ എത്തിച്ചുതന്നും, പരസ്യങ്ങൾ ലഭിക്കാനുള്ള അവസരങ്ങൾ പരമാവധി വിനിയോഗിക്കാൻ സഹകരിച്ചും, കൂടുതൽ വരിക്കാരെ ചേർക്കാനുള്ള ശ്രമങ്ങളിൽ ഭാഗഭാക്കായും എന്നും ഞങ്ങളോടൊപ്പം ഉണ്ടാവണം എന്ന് എല്ലാവരോടും സ്നേഹപൂർവ്വം അപേക്ഷിച്ചു കൊണ്ട്,

പത്രാധിപസമിതി
ബ്രഹ്മശ്രീ



## സമാജാദ്ധ്യക്ഷന്റെ സന്ദേശം

പ്രിയ സമാജാംഗങ്ങളെ,

മലയാളം ബ്രാഹ്മണ സമാജം കേന്ദ്ര കൗൺസിൽ യോഗം 11/11/2018 ൽ കോട്ടയം സുവർണ ഓഡിറ്റോറിയത്തിൽ ചേർന്ന് 2018-2021 വർഷത്തേക്കുള്ള പുതിയ 31 അംഗ ഭരണസമിതിയംഗങ്ങളെയും 15 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളെയും തിരഞ്ഞെടുത്തു. 25/11/2018 ൽ 31 അംഗ ഭരണസമിതി യോഗം കൂടി ഒരു പ്രവർത്തന രൂപരേഖ അവതരിപ്പിച്ച് അംഗീകരിയ്ക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ എം. ബി. എസ് ന്റെ ശാഖകൾ ഇല്ലാത്തിടത്ത് പുതിയ ശാഖകൾ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ബ്രഹ്മശ്രീയുടെ എഡിറ്റോറിയൽ ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് എത്രയും വേഗം ബ്രഹ്മശ്രീ പ്രസിദ്ധീകരണം ഇറക്കുവാനുള്ള ശ്രമവും ആരംഭിച്ചു. ബൈലോ ഭേദഗതിയ്ക്കുള്ള ഉപസമിതിയെ വച്ചുകൊണ്ട് അടുത്ത കേന്ദ്ര കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടുവാൻ ഉദ്ദേശിയ്ക്കുന്നു.

ഹൈന്ദവവിശേഷ ദിവസങ്ങൾ യഥോചിതം ആഘോഷിക്കുവാൻ തീരുമാനിച്ചതോടൊപ്പം ഈ വർഷത്തെ പൂജാ പഠന ക്യാമ്പ് 2019 ഏപ്രിൽ 15 മുതൽ 30 വരെ നടത്തുവാനും തീരുമാനമായിട്ടുണ്ട്. വ്യക്തിത്വ വികസന ക്യാമ്പ്, വിവാഹ പൂർവ കൗൺസിലിംഗ്, നേതൃത്വ പരിശീലന ക്യാമ്പ് തുടങ്ങിയവയും സമയബന്ധിതമായി നടത്തുന്നതാണ്. ശാഖാ വാർഷികങ്ങൾ ജില്ലാ വാർഷികങ്ങൾ എന്നിവയും സമയബന്ധിതമായി നടത്തണം. മാസവരി, ബ്രഹ്മശ്രീ വരിസംഖ്യ , അടിയന്തിര സംഭാവനകളുടെ വിഹിതം എന്നിവ ശാഖകളിൽ നിന്ന് കൃത്യമായി പിരിച്ചെടുക്കുവാൻ സെക്രട്ടറിമാർ പ്രത്യേകം താല്പര്യം കാണിക്കേണ്ടതുണ്ട്. ആചാരാനുഷ്ഠാനങ്ങളും ഷോഡശ സംസ്കാരവും നിലനിറുത്തുവാനുള്ള എല്ലാ ശ്രമങ്ങളും എം. ബി. എസ്. നടത്തുന്നതാണ്. സമാജത്തിന്റെ വളർച്ചയ്ക്കായി അഭിപ്രായവ്യത്യാസങ്ങൾ മറന്ന് എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു. പുതുതായി രൂപീകൃതമായ ബ്രഹ്മശ്രീ എഡിറ്റോറിയൽ ബോർഡിനും എം.ബി.എസ്. ന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

**റ്റി.വി.നാരായണ ശർമ്മ**
എല്ലാ സമാജാംഗങ്ങൾക്കും
നവവത്സരാശംസകൾ



## സമാജം കാര്യദർശിയുടെ സന്ദേശം

ബഹുമാന്യരായ സമാജാംഗങ്ങളെ ,

മലയാള ബ്രാഹ്മണ സമാജം 2018 2021 കാലയളവിലേക്കുള്ള ഭരണ സമിതി തിരഞ്ഞെടുപ്പ് 11 11 2018 നു കോട്ടയം സുവർണ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കേന്ദ്ര കൗൺസിലന്മാരുടെ ഏതാണ്ട് പൂർണമായ സാന്നിദ്ധ്യം സംഘടനയുടെ ഐക്യവും കെട്ടുറപ്പും വിളിച്ചോതുന്നതായിരുന്നു. പ്രതിഫലിച്ചത് വരാനുള്ള നാളുകൾ ശുഭപ്രതീക്ഷക്കു വക നൽകുന്നു എന്ന വിശ്വാസമായിരുന്നു. സംഘടിച്ചു ശക്തരാകുന്നതിന്റെ സൂചനയായി ഇതിനെ ഞാൻ കാണുന്നു.

ഒട്ടേറെ കാര്യങ്ങൾ നമുക്ക് ഒത്തൊരുമിച്ചു ചെയ്യാനുണ്ട്. ശാഖകളുടെ പ്രവർത്തനം ശക്തമാക്കേതു്., ജില്ലാ ഭരണസമിതികൾ ശക്തിപ്പെടുത്തി കേന്ദ്ര ഭരണ സമിതിയുമായി ഏകോപിപ്പിച്ചു കേരളത്തിന്റെ മുഴുവൻ മേഖലയിലേക്കും എം. ബി. എസ്. നെ കൈപിടിച്ചു ഉയർത്തുക എന്ന ഏക ലക്ഷ്യമാണ് പുതിയ ഭരണ സമിതി മുന്നോട്ടു വയ്ക്കുന്നത്.

എല്ലാവരുടെയും നിസ്സീമമായ സഹകരണം ഒന്നുകൊണ്ടു മാത്രമേ ഇതു നേടിയെടുക്കാൻ കഴിയുകയുള്ളു. കഴിഞ്ഞതിനെ കുറിച്ചു വിലപിക്കുകയില്ല വരാനിരിക്കുന്നതിനെ കുറിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് നാളെയുടെ വിടരാനിരിക്കുന്ന സുഗന്ധപുഷ്പത്തിനെ നെഞ്ചിലേറ്റിക്കൊണ്ട് നമുക്ക് പുതു വത്സരത്തിലേക്കു കടക്കാം. എല്ലാവർക്കും പുതുവത്സരാശംസകൾ നേർന്നുകൊണ്ട്

ദേവൻ ഇളയത്

# ദമയന്തി ഏടാകൂടത്തിൽ

**തിരുമേനി കൈതാരം**

പരസ്പര ധാരണയിലൂടെ വിജയിപ്പിക്കേണ്ട ഒരു കലയാണ് കഥകളി.വടക്കുനിന്നു വരുന്ന നടൻ ശങ്കരനും തെക്കു നിന്നു വരുന്ന ഭാഗവതർ കുട്ടപ്പനും പടിഞ്ഞാറു നിന്നു വരുന്ന ചെണ്ടക്കാരൻ സുന്ദരനും വൈകീട്ട് 6 മണിക്കാണ് തമ്മിൽ കാണുന്നത്.9 മണിക്ക് ഇവർ ഒരുമിച്ചൊരു കഥകളി നടക്കണമെങ്കിൽ എല്ലാവർക്കും ഏതാണ്ടെല്ലാം തന്നെ അറിയുകയും ഒരു മാനസീക ഐക്യം ഉണ്ടാകുകയും വേണം. കഥകളിയിലെ ഒന്നാം കിട വേഷക്കാർ രണ്ടാം കിടക്കാരുടെയും മൂന്നാംകിടക്കാരുടെയും കൂടെ വേഷം ചെയ്യാൻ പലപ്പോഴും വിമുഖത കാട്ടാറുണ്ട്. ഇതിനെ അവരുടെ അഹങ്കാരമായി പലരും തെറ്റിദ്ധരിക്കാറുമുണ്ട്. എന്നാൽ എന്താണ് സത്യാവസ്ഥ? അരങ്ങിൽ വച്ച് കൂടെ അഭിനയിക്കുന്നവരുടെ സന്ദർഭോചിതമായ ചോദ്യങ്ങൾക്ക് ഉത്തരം പറയുകയും അവരോട് തിരിച്ച് ചോദിക്കുകയും പതിവാണ് (മനോധർമ്മം അല്ലെങ്കിൽ ഇളകിയാട്ടം) ഇത് രണ്ടു പേരും ഒരേ തരക്കാരാണെങ്കിൽ മാത്രമേ ഏറെക്കുറെ വിജയിക്കുകയുള്ളൂ. ഒരു ഒന്നാം നിരക്കാരനും ഒരു രണ്ടാം നിരക്കാരനും ഒരുമിച്ചു വന്നാൽ ഇത്തരം സന്ദർഭങ്ങളിൽ ചിലപ്പോൾ ഒന്നാം നിരക്കാരൻ രംഗത്തു വച്ച് വെട്ടിലാകും. അത്തരം രസകരമായ ഒരു കഥയിതാ:

ആറ്റുപുറം ക്ഷേത്രത്തിലെ കഥകളി, നളചരിതം രണ്ടാം ദിവസമാണ് കഥ: കഥകളിയിലെ നിത്യഹരിത നായികാനായകൻമാരുടെ നളനും ദമയന്തിയും. എന്നാൽ എന്തോ കാരണത്താൽ നളൻ കെട്ടേണ്ടയാൾക്ക് അന്ന് എത്തിച്ചേരാൻ കഴിഞ്ഞില്ല. പകരം ഒരു മൂന്നാംകിടക്കാരനായ വേഷക്കാരന്റെയാണ് നളൻ. കളി തുടങ്ങി.നളന്റെ അനുജൻ പുഷ്കരൻ നളനെ ചൂതിൽ തോൽപ്പിച്ച് നളദമയന്തിമാരെ കാട്ടിലേയ്ക്കയയ്ക്കുന്നു.

കാട്ടിലെത്തിയ നളൻ ഇനി എന്താണ് ചെയ്യുക എന്ന് ദമയന്തിയോട് ചോദിച്ചു .ദമയന്തി സ്ത്രീ സഹജമായ സ്വഭാവത്താൽ ' നമുക്ക് എന്റെ രാജ്യമായ വിദർഭയിലേക്ക് പോകാം ' എന്നു പറഞ്ഞു. ഇതിനു മറുപടിയായി നളൻ പറയേണ്ടത് ''അതൊരിക്കലും ശരിയാവില്ല' നിന്റെ രാജ്യത്തേക്ക് ഞാനില്ല., നമുക്കിക്കാട്ടിൽ കഴിയാം', സത്യം പാലിക്കാൻ ബാദ്ധ്യസ്ഥനാണ് രാജാവ് ' എന്നിങ്ങനെ കുറെ കാര്യങ്ങളാണ് പക്ഷെ നമ്മുടെ നളൻ '' എന്നാൽ ശരി, ന മുക്ക് വിദർഭയിലേക്ക് പോകാം ' എന്നു കയറി സമ്മതിച്ചു കളഞ്ഞു!? ദമയന്തി കെട്ടിയ നടൻ വെട്ടിലായി. പോകാമെന്ന് പറയുക മാത്രമല്ല ദമയന്തിയേയും കൂട്ടി നടന്നും തുടങ്ങി! അങ്ങിനെ പോയാൽ അതോടെ കഥയാകെ മാറും. ഉണ്ണായിവാര്യർ ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം അക്ഷണം ആത്മഹത്യ ചെയ്തേനേ..അത്രയ്ക്കു വഷളായി രംഗം. പക്ഷേ നളന് യാതൊരു കുലുക്കവുമില്ല, മാത്രവുമല്ല, താൻ ആശാന്റെ (ദമയന്തിയുടെ) ചോദ്യത്തിന് ഉചിതമായ മറുപടി പറഞ്ഞു എന്ന ആത്മവിശ്വാസത്തിൽ അരങ്ങത്ത് ഞെളിഞ്ഞു നിൽക്കുകയുമാണ്! പോരേ പൂരം !! കഥവീണ്ടും ''ട്രാക്കിലേക്ക് ''വീഴ്ത്തേണ്ട ചുമതല ദമയന്തി കെട്ടിയ ഒന്നാം കിട നടന്റെ തലയിലായി 'ദമയന്തി വീണ്ടും പറഞ്ഞു ' അല്ലെങ്കിൽ വേണ്ട', ഈ രാത്രി എങ്ങിനെയാണ് പോകുന്നത്, നമുക്ക് വേറെന്തെങ്കിലും വഴി നോക്കാം ഇന്ന് തത്കാലം ഈ കാട്ടിൽ തന്നെ കഴിച്ചുകൂട്ടാം' എന്നെല്ലാം പറഞ്ഞ് ഒരു വിധത്തിൽ തടിതപ്പി ' എന്നു പറഞ്ഞാൽ മതിയല്ലോ?' വേർപാട് ' രംഗം കഴിഞ്ഞ് അണിയറയിലെത്തിയ ദമയന്തി ഒന്നിനു പിറകെ ഒന്നായി മൂന്ന് സോഡാ പൊട്ടിച്ചു കുടിക്കുന്നതു കണ്ട അണിയറയിലുള്ളവർ പൊട്ടിച്ചിരിച്ചു പോയി.

## അതീവ ദുഃഖത്തോടെ, വേദനയോടെ...

**മലയാള ബ്രാഹ്മണസമാജത്തിന്റെ മുൻ കേന്ദ്ര ജനറൽ സെക്രട്ടറിയും ഇപ്പോഴത്തെ കോട്ടയത്തെ ജില്ലാ സെക്രട്ടറിയുമായ ബ്രഹ്മശ്രീ ചുള്ളിമംഗലം ഉണ്ണിക്ക്യഷ്ണൻ നമ്പൂതിരി ഹൃദയാഘാതത്തെത്തുടർന്ന് 06- 01-2019 പുലർച്ചെ നമ്മെ വിട്ടുപിരിഞ്ഞു. സമാജം പ്രവർത്തനങ്ങളിലും സാമൂഹ്യസേവനത്തിലും നമ്മോടൊപ്പമുണ്ടായിരുന്ന അദ്ദേഹത്തിന്റെ വേർപാട് അധികമായ വേദനയുളവാക്കുന്നു. ഈ വേളയിൽ അദ്ദേഹത്തിന് പ്രണാമങ്ങളും ആദരാഞ്ജലികളും അർപ്പിക്കുന്നു.**

**ഭാര്യ. ഡോ. ജയ പീശംപിള്ളി ഇല്ലം, പെരുമ്പാവൂർ,**
**മക്കൾ : ഡോ. അരവിന്ദ്, ഡോ അനുപമ**



ബ്രഹ്മശ്രീ സി.എസ്. ഉണ്ണിക്ക്യഷ്ണൻ നമ്പൂതിരി

### ശിവോഹം ശിവോഹം

# മഹാകൈലാസയാത്ര

**പി.വി.ലോകനാഥ്, പുതുശ്ശേരിഇല്ലം, ആണ്ടൂർ ശാഖ, 99468 05599**

ദൃഷ്ടി നദിയിലൂടെ ഒഴുകുന്ന വെള്ളപ്പാച്ചിലിലാണെങ്കിലും ചിന്ത മുന്നിലേക്കും പിന്നിലേക്കും. ഏതെല്ലാം പ്രതിബന്ധങ്ങൾ തരണം ചെയ്താണ് ഇവിടെ വരെ എത്തിയത്! ഇനി എന്താകും? 16 പേരടങ്ങുന്ന ഒരു ചെറിയ സംഘമാണ് ഞങ്ങളുടേത്! നാട്ടിൽ നിന്ന് പുറപ്പെട്ടിട്ട് നാലു ദിവസമായി. നേരിടേണ്ടിവന്ന ഓരോ പ്രതിബന്ധങ്ങളും, കണ്ടാസ്വദിക്കുന്ന അനുഭവവും, സമ്മിശ്രമായ ഈ അനുഭവങ്ങൾ നാടിനെപ്പറ്റിയോ വീടിനെപ്പറ്റിയോ ചിന്തിക്കാൻ ഒരവസരവും തരുന്നില്ല.

2018 ജൂൺ 22 വെളുപ്പിന് യാത്ര ആരംഭിച്ചു. ദില്ലി വഴി അന്ന് പകൽ 4 മണിയോടെ കാഡ്മണ്ഡുവിലെ ത്രിഭുവൻ എയർപോട്ടിലെത്തി.

ടച്ച്കൈലാസ് എന്നു പേരുള്ള ഏജൻസിക്കാരാണ് ഞങ്ങൾക്ക് മഹാകൈലാസയാത്രക്കുള്ള സൗകര്യങ്ങൾ ഒരുക്കിത്തരുന്നത്! ടച്ച് കൈലാസിന്റെ ഓണർ ബസു അധികാരിയും ഗൈഡ്ക്യാപ്റ്റൻ ലോകേഷും ഞങ്ങൾക്ക് ഊഷ്മളമായ വരവേല്പാണ് നല്കിയത്! വലിയ ഓരോ രുദ്രാക്ഷമാല ചാർത്തി ക്ഷേമാന്വേഷണങ്ങളോടെയുള്ള സ്വീകരണം. കൈലാസ യാത്രയുടെ മാഹാത്മ്യം പ്രാധാന്യം, ഗൗരവം എന്നിവയെല്ലാം ആ രുദ്രഹാരത്തിലൂടെ ഒരിക്കൽ കൂടി ബോദ്ധ്യപ്പെട്ടു.

അവർ തരപ്പെടുത്തിത്തന്ന സ്റ്റാർഹോട്ടലിൽ എത്തി ചേർന്നപ്പോൾ, 15 പേരടങ്ങുന്ന ഒരു തമിഴ്നാട് സംഘത്തെ കണ്ടു. നേപ്പാൾ ടിബറ്റ് അതിർത്തി കടന്നാൽ മൂന്നുനാലുദിവസംകൊണ്ട് അവർക്ക് കൈലാസത്തിലെത്താം. കൈലാസനാഥന്റെ മണ്ണിലെത്താനുള്ള ആവേശവും ഉത്സാഹവും സംഘാംങ്ങളിൽ കാണാൻ കഴിഞ്ഞു. ഞങ്ങൾ ഇനിരണ്ടുദിവസം കാഡ്മണ്ഡുവിലെ കാഴ്ചകളാണ്! അതിനുശേഷം വേണം ടിബറ്റിലെക്കുള്ള യാത്ര.

യോദ്ധാ എന്ന മോഹൻലാൽ-ജഗതി ചിത്രത്തിന്റെ ഏതാണ്ട് മുക്കാൽ ഭാഗവും ഈ പ്രദേശങ്ങളിലാണ് ചിത്രീകരിച്ചിട്ടുള്ളത്! അതുകൊണ്ടുതന്നെ ഈ ചിത്രം ഒന്നിൽ കൂടുതൽ തവണ കണ്ടിട്ടുള്ളവർക്ക് ഇവിടം ഒരു ചിരപരിചിതമായ സ്ഥലമായി അനു ഭവപ്പെട്ടു.

പശുപതിനാഥക്ഷേത്രം ഉൾപ്പെടെ കാഡ്മണ്ഡുവിലെ വിവിധ ആരാധനാലയങ്ങൾ കൊട്ടാരങ്ങൾ, ഫിലും ഷൂട്ടിംഗ് കേന്ദ്രങ്ങൾ എന്നിവകളെല്ലാം രണ്ടുദിവസംകൊണ്ട് സന്ദർശിച്ചു. വിരസത അനുഭവപ്പെടാതെ വിഹരിക്കുവാനുള്ള വിഭവങ്ങളുണ്ടിവിടെ.

ഇന്ന് ജൂൺ 24 വൈകിട്ട് 7 മണിക്ക് ഹോട്ടലിന്റെ 5-ാം നിലയിലെ ഹാളിൽ ഒരു മീറ്റിംഗ് ഉണ്ട്. ബസു അധികാരിയും ലോകേഷും മറ്റു രണ്ടുമൂന്നു ഗൈഡുകളും കാര്യങ്ങൾ വിശദീകരിക്കുന്നതിനായി ഹാളിൽ ഹാജരായിട്ടുണ്ട്.

നാളെയാണല്ലോ ടിബറ്റിലേക്കുള്ള യാത്ര. പുറപ്പെടുമ്പോൾ മുതൽ യാത്രസംഘം എന്തൊക്കെ ശ്രദ്ധിക്കണമെന്നും പാലിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ കേൾക്കാൻ ഞങ്ങൾ കാതോർത്തു.

ഒന്നു രണ്ടു ദിവസങ്ങൾക്കുള്ളിൽ ഞങ്ങൾ എത്തിച്ചേരാൻ പോകുന്ന മാനസ്സസരസ്സ്, കവികൾ വർണിച്ചു കേട്ടിട്ടുള്ള അതിന്റെ മാസ്മരികസൗന്ദര്യം എല്ലാം ഉൾക്കൊണ്ട മനസ്സോടെ ഞങ്ങൾ ഹാളിൽ ഇരുന്നു.

സംഘാംഗങ്ങളിൽ ചിലർ ചില ഗാനങ്ങൾ ചർച്ചയാക്കി. മാനസ്സസരസിലെ മണിയരയന്നങ്ങൾ, മാനസ്സസരസ്സിൻ അക്കരെയോ, മാനസ്സസരസ്സിൽ പറന്നിറങ്ങിയ മരാളകന്യകളേ.

രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിൽ ദർശിക്കാൻ പോകുന്ന മഹാകൈലാസം. വർഷങ്ങളായി മനസ്സിൽ മണിമുത്തുകൾ പോലെ കാത്തുസീക്ഷിച്ച സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുന്ന നിമിഷങ്ങളെ താലോലിച്ച് ബസു അധികാരിയുടെ നിർദ്ദേശങ്ങൾ കേൾക്കാനായി ഞങ്ങൾ നിശബ്ദരായി.

ഒരു കാർമേഘം വന്നു മൂടിയതുപോലെയായി ബസു അധികാരിയുടെ അറിയിപ്പുകൾ ചെവിയിൽ പതിഞ്ഞനിമിഷം. നാളത്തെ യാത്ര മുടങ്ങിയിരിക്കുന്നു.

ചൈന തരേണ്ടതായ വിസ കിട്ടിയിട്ടില്ല.

യാത്ര അനിശ്ചിതത്വത്തിൽ. തുടരും......

## പൂജാപഠനക്യാമ്പ് 2019

മലയാള ബ്രാഹ്മണസമാജത്തിന്റെ നേതൃത്വത്തിലുള്ള 2019ലെ പൂജാപഠനക്യാമ്പ് 2019 ഏപ്രിൽ മാസം 16-ാം തീയതി മുതൽ 28 വരെ എം.ബി.എസ്. കോത്തല ശാഖയിലുള്ള കൂരോപ്പട കോമന്നൂരില്ലം വകയായുള്ള ശ്രീധർമ്മശാസ്താക്ഷേത്രസന്നിധിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. ഉപനയനം കഴിഞ്ഞിട്ടുള്ള സമാജാംഗങ്ങളുടെ കുട്ടികൾക്ക് പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന കുട്ടികളുടെ പേരുവിവരം മൊബൈൽ നമ്പർ സഹിതം 31-03-2019നു മുമ്പായിതാഴെകൊടുത്തിട്ടുള്ള ഫോൺനമ്പരിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 2000 രൂപയാണ്

 റ്റി.വി.നാരായണ ശർമ്മ
കൺവീനർ, 9562356959

കെ.കെ. പുരുഷോത്തമ ശർമ്മ
ജോ.കൺവീനർ, 9447142702

# ലക്ഷ്മീസാന്നിദ്ധ്യം

**ഓമന അന്തർജ്ജനം**
**പൊതിയിൽ ഇല്ലം (ആണ്ടൂർ ശാഖ)**



ഒരിക്കൽ ശ്രീകൃഷ്ണപത്നിയായ രുക്മിണി, ഭഗവാനിൽ വസിക്കുന്ന ലക്ഷ്മിയോട് ഇങ്ങനെ ചോദിച്ചു. എങ്ങനെയുള്ള സ്ഥലങ്ങളിലും പുരുഷന്മാരിലും സ്ത്രീകളിലുമാണ് നീ വസിക്കുന്നത്? അപ്പോൾ ലക്ഷ്മീദേവി ഇങ്ങിനെയരുളി ചെയ്തു. ക്രൂരവാക്കു പറയുന്നവരിലും അനാവശ്യമായി കോപിക്കുന്നവരിലും ഞാൻ വസിയ്ക്കില്ല. ദുർജ്ജനങ്ങളുമായി സഹവസിച്ചു ദുരാചാരങ്ങൾ അനുഷ്ഠിക്കുന്നവരിലും, സ്വധർമ്മം വേണ്ടപോലെ അനുഷ്ഠിക്കാത്തവരിലും ഞാൻ വസിയ്ക്കില്ല. ജീവിതത്തിനു ലക്ഷ്യമില്ലാതെ, ഒരു അടുക്കും ചിട്ടയുമില്ലാതെ, തോന്നുംപടി ജീവിക്കുന്നവരിലും ഞാൻ വസിയ്ക്കില്ല. ഈശ്വരവിശ്വാസമില്ലാത്തവരിലും ഇന്ദ്രിയനിയന്ത്രണമില്ലാത്തവരിലും ഞാൻ വസിയ്ക്കില്ല. വൃത്തിഹീനമായ സ്ഥലങ്ങളിലും ഗൃഹത്തിലും ഞാൻ വസിയ്ക്കില്ല. ഭർത്താവിനെ അനുസരിയ്ക്കാതെ എതിർത്ത് സംസാരിയ്ക്കുന്നവരിലും, തൊട്ടതിനൊക്കെ ശുണ്ഠി എടുക്കുന്ന സ്ത്രീകളിലും ഞാൻ വസിയ്ക്കില്ല. അന്യഗൃഹത്തിൽ പോയി ആവശ്യമില്ലാതെ വ്യർത്ഥസംഭാഷണങ്ങളിൽ ഏർപെടുന്നവരിലും ഞാൻ വസിയ്ക്കില്ല. ക്രൂരവാക്കും ശാപവാക്കും പറയുന്നവരിലും അവർ വസിയ്ക്കുന്ന ഗൃഹത്തിലും ഞാൻ വസിയ്ക്കില്ല.

തനിയ്ക്ക് ശോഭനമായ ഒരു ജീവിതം വേണമെന്നുള്ള ലക്ഷ്യത്തിൽ, ആലസ്യമില്ലാതെ, അന്യരെ വിഷമിപ്പിയ്ക്കാതെ, ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച്, സാത്വിക ഭാവത്തിൽ സ്വകർമം അനുഷ്ഠിയ്ക്കുന്നവരിൽ ഞാൻ വസിയ്ക്കുന്നു.

അലസമായി നിദ്രചെയ്യുന്നവരിലും ഞാൻ വസിയ്ക്കില്ല. ഗൃഹവസ്തുക്കൾ, വസ്ത്രങ്ങൾ ഇവയൊക്കെ അടുക്കിയൊതുക്കി. വൃത്തിയുള്ള വസ്ത്രം ധരിച്ച് ഈശ്വരചിന്തയോടെ ഗൃഹസ്ഥധർമം അനുഷ്ഠിക്കുന്ന സ്ത്രീകളിൽ ഞാൻ വസിക്കുന്നു. ഉള്ളതുകൊണ്ട് പരാതിയില്ലാതെ സന്തോഷമായി ജീവിക്കുന്നവരിലും ഞാൻ വസിയ്ക്കുന്നു. സഹനം, ത്യാഗം, സേവനമനോഭാവം, വിനയം, ക്ഷമ ഈ ഗുണങ്ങൾ ഉള്ള സ്ത്രീകളിൽ ഞാൻ വസിയ്ക്കുന്നു.

പ്രായമായ മാതാപിതാക്കളെ അവഗണിയ്ക്കാതെ അവരെ സ്നേഹപൂർവ്വം പരിചരിക്കുന്നവരിൽ ഞാൻ വസിയ്ക്കുന്നു. രോഗവും വാർദ്ധക്യവും എല്ലാവർക്കും ഉള്ളതാണെന്ന് തിരിച്ചറിയണം. ഭാര്യാഭർത്താക്കന്മാരുടെ ഐക്യത്തിലാണ് കുടുംബശ്രേയസ്സ് കുടികൊള്ളുന്നത്. ഒരു വ്യക്തിയുടെ സംസ്കാരം രൂപപ്പെടുന്നത് കുടുംബത്തിൽ നിന്നാണ്. എല്ലാ മനുഷ്യരും വ്യത്യസ്ത ചിന്താഗതി ഉള്ളവരാണ്. ഞാൻ പറയുന്നതും ചെയ്യുന്നതുമാണ് ശരി എന്ന് ശഠിക്കുന്നവരാണേറെയും. മറ്റൊരാളിന്റെ വാക്കിനേയും കർമ്മത്തേയും പുച്ഛത്തോടെ വീക്ഷിയ്ക്കുന്ന സ്വഭാവദൂഷ്യം ഉള്ളവർ ധാരാളമുണ്ട്.

എല്ലാവരുടെയും സ്വഭാവം തിരിച്ചറിഞ്ഞ് ആരെയും മുഷിപ്പിക്കാതെയും അവഗണിയ്ക്കാതെയും സ്വകർമങ്ങൾ ചെയ്യേണ്ടവളാണ് ഗൃഹനായിക. ഗൃഹം ക്ഷേത്രം പോലെ പരിശുദ്ധമായിരിയ്ക്കണം. നല്ല വാക്കും പ്രവൃത്തിയും ഉള്ള സ്ത്രീ ആണ് കുടുംബത്തിന്റെ ദേവത. സ്ത്രീയുടെ മനസ്സിന്റെ നന്മപോലെയിരിയ്ക്കും പുരുഷന്റെ ഭാഗ്യം. പുരാണങ്ങൾ ഭർത്താവിനെ വിഷ്ണുവിന്റെ സ്ഥാനത്താണ് സങ്കൽപ്പിക്കുന്നത്.

ലക്ഷ്മിയുടെ വാസസ്ഥാനം ഭഗവാനിലാണ്. അതുകൊണ്ടു ഭഗവത്ഭക്തിയുള്ളവരായി ജീവിയ്ക്കുക. ഭഗവത് സാന്നിധ്യമുള്ള സ്ഥലങ്ങളിലെല്ലാം ലക്ഷ്മീസാന്നിധ്യവും ഉണ്ടായിരിയ്ക്കും.

**ആശംസകൾ**

ചൊല്ലേറും 'മലയാള ബ്രാഹ്മണ സമാജ'ത്തിൻ മുഖപ്പത്രമാം
'ബ്രഹ്മശ്രീ' ക്കിഹ നൂതന പ്രഭ ചൊരിഞ്ഞീടുന്ന സാരഥ്യമായ്
മേലിൽ കൂടുതൽ ഭംഗിയിൽ വളരുവാൻ മാസത്തിലൊന്നാകുവാൻ
നേരുന്നൂ വിജയങ്ങൾ, ഭാവി ശുഭമായ്ത്തീരട്ടെ സന്മംഗളം.

കെ. എൻ. ബാലകൃഷ്ണ ശർമ്മ, കല്ലാർവേലിൽ ഇല്ലം , വെമ്പിള്ളി

ആദ്യമായി കിട്ടിയ ഈ ആശംസ ഞങ്ങൾ ഹൃദയപൂർവം സ്വീകരിയ്ക്കുന്നു.
'മാസത്തിലൊന്നാകുവാൻ' നമുക്ക് ശ്രമിയ്ക്കാം — പത്രാധിപസമിതി

**മലയാള ബ്രാഹ്മണ സമാജം..**
വേദവിജ്ഞാനവിശ്വാസികളായ സജ്ജനങ്ങളുടെ സുകൃതവേദി..
അംഗങ്ങളാകൂ.. മുഖപത്രമായ ബ്രഹ്മശ്രീ വരിക്കാരാകൂ..

## പദപ്രശ്നം

| | | | | | | |
|---|---|---|---|---|---|---|
| 1 | | 5 | 11 | | 12 | |
| 2 | 3 | | 9 | 18 | | |
| | | 6 | 7 | | | |
| 4 | | | | | 13 | 14 |
| | | | 8 | 15 | | |
| 10 | | | | 16 | 17 | |

വലത്തോട്ട്

1. ഓങ്കാരം– മന്ത്രം എന്ന് അറിയപ്പെടുന്നു (3 അക്ഷരം)
2. ബന്ധു (2 അക്ഷരം)
3. എള്ള് (2 അക്ഷരം)
4. ചായമടിക്കാൻ ഈ ഉപകരണം വേണം (2 അക്ഷരം)
6. ശിവന്റെ വില്ല്(3 അക്ഷരം)
7. സ്വർഗ്ഗം
8. കേരളത്തിന്റെ പ്രത്യേകതകളെ ഇങ്ങനെ പറയാം
9. രക്ഷിച്ചു പോരുന്നതാരീ വനമെന്ന് സൂക്ഷിച്ചു നോക്കി ത്തുടങ്ങീ വൃകോദരൻ – ആരാണീ വനത്തെ രക്ഷിക്കുന്നത്?
10. കന്യകയ്ക്ക് ഏറ്റവും സ്വാതന്ത്ര്യമുള്ള വിവാഹരീതിയാണിത് (4 അകഷരം)
11. ഒരാഭരണം (4 അക്ഷരം)
13. വാഴ
16. ഈ ഗുണം മനസ്സിന് ഒരാഭരണമാണ്. (3 അക്ഷരം)
17. എല്ലാവരേയും ഒരുമിച്ചു നിർത്താൻ ഇതുണ്ടാവണം

താഴോട്ട്

1. മഹാവാക്യങ്ങളിൽ ഒന്ന്( 5 അക്ഷരം)
5. ഇത്തരം ശംഖുകൾ പൂജയ്ക്ക് ഉപയോഗിക്കാറില്ല
7. തേങ്ങ
12. ഒരിക്കലും കൂട്ടിമുട്ടാത്ത രണ്ടുവരകളെ ഇങ്ങനെപറയും (4 അക്ഷരം)
14. ഇതു മാറ്റിയാൽ ആത്മവിശ്വാസം വർദ്ധിക്കും (2 അക്ഷരം)
15. സൂര്യൻ
18. കാളപൂട്ടാൻ ഇതു വേണം

Name.......................................................................................................................
Address....................................................................................................................
Email...........................................................................Mob:...................................................

**അയച്ചുകിട്ടേണ്ട അവസാന തീയതി ഫെബ്രുവരി 15**

## സമസ്യാപൂരണം

**'വിനീതരായ് വണങ്ങി വില്ലെടുത്തിടുന്നു ഞങ്ങളും'.**

.വൃത്തം :– പഞ്ചചാമരം, അയച്ചുകിട്ടേണ്ട അവസാന തീയതി : ഫെബ്രുവരി 15 : ബ്രഹ്മശ്രീയുടെ **email** വിലാസത്തിലേയ്ക്കോ ചീഫ് എഡിറ്ററുടെ ഫോണിലേയ്ക്ക് വാട്ട്സ്അപ് വഴിയോ അയക്കാം അടുത്ത ലക്കത്തിൽ ലഭിയ്ക്കുന്ന മുഴുവൻ പൂരണങ്ങളും പ്രസിദ്ധീകരിക്കണം എന്നാണാഗ്രഹം. സ്ഥലപരിമിതിയുണ്ടായാൽ ബാക്കിയുള്ളവയ്ക്ക് ഒരു ലക്കം കൂടി കാത്തിരിക്കേണ്ടി വന്നേക്കാം. സഹകരിക്കുമല്ലോ.

**E-mail** : **Whatsapp:**



**മുഖചിത്രം : പൂന്താനം ഇല്ലം**

**ഏകദേശം 500 വർഷം പഴക്കം, പെരിന്തൽമണ്ണ നിലമ്പൂർ റൂട്ടിൽ കീഴാറ്റൂർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ഇപ്പോൾ ഗുരുവായൂർ ദേവസ്വം ബോർഡിന്റെ സംരക്ഷണയിലാണ് ഇല്ലം**



## സ്വാഗതം

**ബ്രഹ്മശ്രീ ദ്വൈമാസികയുടെ രൂപകല്പനയും പ്രിന്റിംഗ് വർക്കുകളും ചെയ്യുന്ന ശ്രീ എസ്.എൻ. നമ്പൂതിരി. കോട്ടയത്ത് ബ്രാഹ്മണ സമൂഹമഠം കോംപ്ലക്സിൽ** Essence Creations **എന്ന സ്ഥാപനം നടത്തുന്നു.**



# രാജവീഥിയുടെ ദുഃഖം

കെ. എൻ. നെടുവേലി,
ചങ്ങനാശ്ശേരി

നാടായ നാടെല്ലാം ബന്ധിച്ചിടാൻ
നാട്ടുകാരേകിയെനിക്ക് ജന്മം
രാജവീഥികൾ എന്ന് വിളിച്ചു
രാജാവന്നേകി സ്വീകരണം

കാലങ്ങൾ കൊണ്ടെൻ രൂപം വളർന്നു
ചെറുവഴി മക്കൾ ബഹുവിധമായി
നാട്ടുവഴിയെന്നു പേരിട്ടവർ
നാണിക്കാതെന്നെ പരിപാലിച്ചു

ലക്ഷോപലക്ഷം പൊതുജനങ്ങൾ
ലക്ഷ്യത്തിലേക്കെന്നിലൂടൊഴുകി
എന്തോ നേടാനായെങ്ങോ ചെന്നെത്താനായ്
ജനമെന്നെ നിത്യം അളന്നു പോയി

കീറിമുറിച്ചിന്നെന്നുള്ളിലൂടെ
പൈപ്പിനും ഫോണിനും കുഴല് തീർത്തു
ശനിദശയായെന്നിൽ കഷ്ടകാലം
നാശവടുക്കളെ തീർത്തു ലക്ഷം

വികൃതമായ് തീർന്നു ഞാനാകെമാനം
എൻ മേനി ചന്തം വാർന്നു പോയി
കുണ്ടും കുഴികളും കാടും കല്ലും
പുണ്ണ് പോലെന്നിൽ നിറഞ്ഞുവന്നു

പായുന്ന വാഹന താഡനങ്ങൾ
ചവിട്ടുകൾ പഥികർ തൻ തുപ്പലുകൾ
ഛർദ്ദികൾ മലമൂത്ര വിസർജ്ജനങ്ങൾ
പലതായാലങ്കാരമെന്മേനിയിൽ

എന്നയൽ ക്കാർ പോലും പുച്ഛമോടെ
ചീഞ്ഞ വസ്തുക്കളെറിഞ്ഞിടുമ്പോൾ
ഉള്ളം തകർന്നു തളരുന്നു ഞാൻ
എൻമിഴിനീരിന്നാരു കാണ്മാൻ

**മലയാള ബ്രാഹ്മണ സമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള വെമ്പള്ളി കല്ലാർവേലി ഇല്ലത്തു ബ്രഹ്മശ്രീ കെ. എസ്. കേശവൻ ഇളയത് മെമ്മോറിയൽ അക്ഷരശ്ലോക മത്സരം.**

2019 ഏപ്രിൽ 10 ബുധനാഴ്ച രാവിലെ 9.30 മുതൽ ആണ്ടൂർ മഹാദേവ ക്ഷേത്രാങ്കണത്തിൽ സജ്ജമാക്കിയിട്ടുള്ള വേദിയിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രസ്തുത മത്സരങ്ങളിൽ സമാജാംഗങ്ങൾക്കും അവരുടെ കുട്ടികൾക്കും പങ്കെടുക്കാവുന്നതാണ്. പുരുഷന്മാർക്കും, സ്ത്രീകൾക്കും, കുട്ടികൾക്കും പ്രത്യേകം പ്രത്യേകം മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 10.03.2019 നു മുൻപായി താഴെ പറയുന്ന നമ്പറിൽ വിളിച്ച് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ശ്രീ. ടി. വി. നാരായണ ശർമ്മ
- 956 235 6959

ശ്രീ. ഇ. എൻ. വി. നമ്പൂതിരി
- 949 566 5799

മത്സരത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് പ്രത്യേകം പ്രത്യേകം സമ്മാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| ഒന്നാം സമ്മാനം | **1001 രൂപ** |
| രണ്ടാം സമ്മാനം | **751 രൂപ** |
| മൂന്നാം സമ്മാനം | **501 രൂപ** |

സമസ്യാപൂരണ മത്സരവും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്. പൂരണത്തിനുള്ള വരി താഴെ ക്കൊടുക്കുന്നു

**''കരയില്ലയെന്നു കരയുന്നിതേവരും''**
(വൃത്തം : മഞ്ജുഭാഷിണി)

പൂരണങ്ങൾ താഴെ കൊടുത്തിക്കുന്ന എന്റെ മേൽവിലാസത്തിൽ 2019 മാർച്ച് മാസം പതിനഞ്ചാം തീയതിക്ക് മുൻപ് കിട്ടത്തക്ക വിധത്തിൽ അയക്കുക. സമീപത്തുള്ള അക്ഷരശ്ലോക സമിതിയേക്കൂടി പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ മത്സരം സംഘടിപ്പിച്ചിട്ടുള്ളത്. സമ്മാനങ്ങളെല്ലാം സമാജത്തിലെ ശ്രേഷ്ഠ വ്യക്തികൾ സ്പോൺസർ ചെയ്തിട്ടുള്ള വിവരവും സന്തോഷപൂർവം അറിയിക്കുന്നു.

എം.ബി.എസ്. കേന്ദ്ര പ്രസിഡന്റ്
**ടി.വി. നാരായണശർമ**
താമരശ്ശേരി ഇല്ലം, മാലം പി.ഓ.
മണർകാട് കോട്ടയം-686 019




**കോട്ടയം ജില്ലാ സമിതിയും, ജില്ലാ യുവജനവേദിയും, കുമ്മണ്ണൂർ ശ്രീസരസ്വതി സംഗീതവിദ്യാലയവും സംയുക്തമായി കുമ്മണ്ണൂർ നടയ്ക്കാംകുന്ന് ശ്രീഭഗവതി ക്ഷേത്രത്തിൽ വച്ച് സംഘടിപ്പിച്ച നവരാത്രി നൃത്ത സംഗീതോത്സവത്തിന് കുമ്മണ്ണൂർ ക്ഷേത്ര മേൽശാന്തി പുതുശേരി ഇല്ലത്ത് അംബാദാസ്PVN നമ്പൂതിരി ഭദ്രദീപം കൊളുത്തുന്നു. മഹനീയ സാന്നിധ്യം കേന്ദ്ര ജനറൽ സെക്രട്ടറി ടി.വി. നാരായണശർമ്മ, കേന്ദ്ര ട്രഷറർ എം.ഡി. മോഹൻദാസ്, കോട്ടയം ജില്ലാ പ്രസിഡന്റ് ബാബുകുമാർ, കോട്ടയം ജില്ലാ സെക്രട്ടറി സി. എസ്. ഉണ്ണികൃഷ്ണൻ, കിടങ്ങൂർ ദേവസ്വം മാനേജർ ശ്യാംകുമാർ.**

**പുനർവിവാഹം**

| | | | |
|---|---|---|---|
| | | | സ |
| ല | സ്ത്രീ ജാതകം ഗ്രഹനില | | |
| | | | |
| ച ശി | കു മാ | ഗു ശു ര മ | ബു |

ജനനം:22-10-1982
നക്ഷത്രം: മൂലം
ശിഷ്ടദശ:കേതു 3-6-8
Education : M Com, B ed
ഉയരം: 158 സെ.മി.
Ph: 0481 2422897, 94975 78380

**പുരുഷജാതകം**

| | | | |
|---|---|---|---|
| | | ഗു ബു | ര ശു |
| സ | പുരുഷ ജാതകം ഗ്രഹനില | | കു മാ |
| | | | ശി |
| മ | | ച | ല |

ജനനം: 16-6-1984 -2.20 PM
(1164 മിഥുനം 2)
നക്ഷത്രം: വിശാഖം
ശിഷ്ടദശ: വ്യാഴം 7-7-6
Education : BA, MBA (Doing)
ഉയരം: 179 സെ.മി.
Ph: 96565 57116

**സ്ത്രീജാതകം**

| | | | | | |
|---|---|---|---|---|---|
| | സ | | | ര | |
| | ല ച മാ | ശി | | | |
| കു | മ | സ്ത്രീ ജാതകം ഗ്രഹനിലയും അംശകവും | | കു | ശു |
| മ ബു | | | | | ല മാ |
| | | ഗു | ര ബു ശു സ | | |
| | ശു | | ച | ശി | |

ജനനം:14/11/1994.-2.44PM
നക്ഷത്രം: ഉത്യട്ടാതി
ശിഷ്ടദശ: ശനി 1-8-29
Education : MSc.Com.Science
ഉയരം:160 സെ.മി.
Mob: 9847705113, 62827 44597

**പുരുഷജാതകം**

| | | | | | |
|---|---|---|---|---|---|
| | | | ഭൃ | സ മാ | |
| ച ര | ബു | സ | ല | | |
| ല | ര ഗു ഭൃമാ | പുരുഷ ജാതകം എവം ഗ്രഹസ്ഥിത്യം ശകാതി | | | |
| കു | | | | | ബു |
| ഗു ശി | | കു മ | ച ശി | | |
| | | മ | | | |

ജനനം:01/03/1986.-11.15 PM
നക്ഷത്രം: ചോതി
ശിഷ്ടദശ: രാഹു 4-3-29
Education : BSc.Mathematics
Job: (Sales officer in HDFC Ltd.)
ഉയരം: 174 സെ.മി.
Mob: 81130 62670



സ്വാദിഷ്ടമായ വെജിറ്റേറിയൻ ഭക്ഷണത്തിന്

**ശ്രീഹരി കേറ്ററിംഗ്**

പുതുമന ഇല്ലം, കുറിച്ചി പി.ഒ., ചങ്ങനാശേരി കോട്ടയം

94474 01027 (Whatsapp), 89218 70413

We Service all kinds of
Vegetarian Food anywhere in Kerala


**SREEKUMAR .K**
Insurance Consultant
Chairman's Club Member
LIC
भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA
Agent Code:0917995
94472 58347, 82811 28347

Kaipally illam (H) , Plassanal P.O., Panackappalam
Pala, Kottayam - 686 579

Branch Office
Plassanal & Kottaramattom, Pala




**SREE VINAYAKA CATERERS & EVENTS**

Thencheri Illam, Changanaseri, Kottayam
93495 15764 (Kerala)
80950 04400, 89700 04400 (Bangalore)
Info@sreevinayakaevents.com
www.sreevinayakaevents.com

FILLING EVERY OCCASION WITH
GREAT FOOD AND SERVICE



**PERSONALITY DEVELOPMENT**
Leadership-training & Motivation Classes
Counseling for Adolescent students


**V.N.T.NAMPOOTHIRI**
Trainer &Mentor, (Approved faculty Lions Clubs International)
Member-Federation of Professional Trainers
Prayaga, Eroor West, Tripunithura

Mob: 9447566168, Email vntnamp@gmail.com
CONDUCTED FREE FOR MBS MEMBERS



നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള
വിവരങ്ങൾക്കും നിക്ഷേപങ്ങൾ നടത്തുവാനും
വിളിക്കുക





**SREEJA VENU**
Thekkinatt Illam,
Vempally P O
Kuravilangad, Kottayam
LIC
भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA

94952 77527, 89219 15850



**SBI LIFE INSURANCE**





**Arun Keecheril**
(Licensed Advisor of SBI Life)
Keecheril Illam, Pala, Kottayam
kvarunpala@gmail.com
Mob: 94468 46461

ആകർഷകമായ നിക്ഷേപ പദ്ധതികൾക്കും ഇൻഷുറൻസ് പദ്ധതികൾക്കും എന്നും നിങ്ങളോടൊപ്പം കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക



ഈ പേജിൽ പരസ്യം ചെയ്യുന്നതിന് ബന്ധപ്പെടുക - അരുൺ കീച്ചേരിൽ - 9446846461




# എം. ബി. എസ്. എന്നും
# ആചാരാനുഷ്ഠാനങ്ങൾക്കൊപ്പം

**കേരളത്തിലെ സമൂഹമനസാക്ഷിയോട് ബ്രാഹ്മണസമുദായ അംഗങ്ങളുടെ കൂട്ടായ്മയായ മലയാളബ്രാഹ്മണസമാജം (എം.ബി.എസ്.) ചില സുപ്രധാന വസ്തുതകൾ അറിയിക്കുക എന്നതാണ് ഇന്നത്തെ ഈ പത്രസമ്മേളനത്തിന്റെ ഉദ്ദേശം.**

ആദ്യം തന്നെ ഉറപ്പിച്ചു പറയട്ടെ എം. ബി. എസ്. എന്നും ആചാരാനുഷ്ഠാനങ്ങൾക്കൊപ്പം നിലകൊള്ളുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത നവോത്ഥാന സമ്മേളനത്തിൽ എം. ബി. എസിന്റെ പ്രസിഡന്റിനെ ക്ഷണിച്ചിരുന്നുവെങ്കിലും ആ യോഗത്തിൽ അദ്ദേഹത്തിന് ഒരു കാഴ്ചക്കാരന്റെ സ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ സംഘടനയുടെ അഭിപ്രായങ്ങൾ അവിടെ പ്രകടിപ്പിക്കുവാൻ സാധിച്ചില്ല എന്നു മാത്രമല്ല, മുഖ്യമന്ത്രിയുടെ അടിച്ചേല്പിക്കപ്പെട്ട അഭിപ്രായം കേട്ടുകൊണ്ട് പോരേണ്ടിയും വന്നു. എന്നാൽ ഞങ്ങൾ മലയാളബ്രാഹ്മണസമാജം പ്രഖ്യാപിക്കുന്നു. നവോത്ഥാനവനിതാമതിൽ എന്ന പരിപാടിയുമായി ഈ സംഘടനയോ മലയാളബ്രാഹ്മണരോ യാതൊരു വിധത്തിലും സഹകരിച്ചിട്ടില്ല. ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളെ നവോത്ഥാനത്തിന്റെ പേരുപറഞ്ഞ് നശിപ്പിക്കുവാൻ ആരു ശ്രമിച്ചാലും എം. ബി. എസ്. അതിനു കൂട്ടുനിൽക്കുകയില്ല. ഞങ്ങൾ എക്കാലവും ആചാരാനുഷ്ഠാനങ്ങൾക്കൊപ്പമായിരിക്കും

ബ്രാഹ്മണസമുദായങ്ങളും മറ്റ് ഹിന്ദു സമുദായങ്ങളും അംഗങ്ങളായ ഹിന്ദു പാർലമെന്റ് എന്ന കൂട്ടായ്മയെ ഇല്ലായ്മ ചെയ്യുന്നതിനും മുഖ്യമന്ത്രിയും കൂട്ടരും ശ്രമിക്കുന്നുണ്ടോ എന്ന് ഞങ്ങൾ സംശയിക്കുന്നു. ഹിന്ദുക്കളെ സവർണ്ണ അവർണ്ണ വിഭാഗങ്ങളായി വേർതിരിക്കുന്നതിനുള്ള ചില കുതന്ത്രങ്ങൾ ഇതിന്റെ പിന്നിൽ ഉണ്ടെന്നുള്ളത് സത്യമായ പരമാർത്ഥം മാത്രമാണ്. തന്നെയുമല്ല ബഹു. എസ്. എൻ. ഡി. പി. യോഗം ജന. സക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ അവറുകളും മുഖ്യമന്ത്രിയും കൂടി നടത്തിയ ഒരു ഗൂഢാലോചനയുടെ സന്തതിയാണ് ഈ മതിൽ. കേരളത്തിൽ നവോത്ഥാനം ഉണ്ടാകുന്നതിൽ ഞങ്ങളുടെ കൂട്ടായ്മ എതിരല്ല. നവോത്ഥാനത്തിന്റെ പേരിൽ നടത്തുന്ന ഈ തെരുവ് നാടകത്തിന് ഞങ്ങൾക്ക് താത്പര്യമില്ല.

ഭിന്നിപ്പിച്ച് ഭരിക്കുക എന്ന തുരുമ്പിച്ച തന്ത്രം ഇനിയും കേരളജനതക്കു മുൻപിൽ വിജയിപ്പിക്കാൻ സാധിക്കില്ല. വെള്ളാപ്പള്ളിയെ കാൽക്കീഴിൽ നിർത്തുന്നത് പോലെ മലയാളബ്രാഹ്മണരെ നിർത്താനാവില്ല. ഞങ്ങൾ ബാറുകൾ നടത്തുന്നവരോ മൈക്രോഫിനാൻസ് നടത്തുന്നവരോ അല്ല. ഭൂപരിഷ്കരണ നിയമം മൂലം സ്വന്തമായി ഉണ്ടായിരുന്ന ഭൂമി പോലും നഷ്ടപ്പെട്ടവരാണ് കേരളത്തിലെ ബ്രാഹ്മണർ. ഇത്തരം അനീതികൾക്കെതിരെ എം. ബി. എസിന്റെ ശബ്ദം ഉയർന്നിരിക്കും.

മറ്റൊരു പ്രധാനകാര്യവും ഇവിടെ പരാമർശിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരൻ ബ്രാഹ്മണസമൂഹത്തെ നിരന്തരം ആക്ഷേപിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നു. ഒരു കാര്യം മാത്രം അദ്ദേഹത്തെ ഓർമ്മിപ്പിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു. കേരളത്തിന്റെ സമസ്ത മേഖലകളുടെയും പുരോഗതിക്ക് വേണ്ടി പ്രവർത്തിച്ചവരിൽ പ്രധാനികളിൽ ബ്രാഹ്മണരും ഉണ്ടായിരുന്നു. അങ്ങ് ദയവായി ചരിത്രം പരിശോധിക്കൂ. അങ്ങ് പ്രതിനിധാനം ചെയ്യുന്ന നിയമസഭാ മണ്ഡലത്തിലും ഞങ്ങൾ ബ്രാഹ്മണർ ധാരാളം ഉണ്ടെന്ന് ഓർക്കുക. ഞങ്ങളുടെ അഭിമാനം സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട താങ്കൾ ഞങ്ങളെ അധിക്ഷേപിക്കുന്നതിൽ ഞങ്ങൾ എം.ബി.എസ് ശക്തമായി പ്രതിഷേധിക്കുന്നു. കൂടാതെ ഈ മന്ത്രി സംബന്ധിക്കുന്ന ചടങ്ങുകൾ ബഹിഷ്കരിക്കുകയാണന്നും എം.ബി.എസ്. ഇവിടെ പ്രഖ്യാപിക്കുന്നു.


ഇത്തരത്തിൽ ബ്രാഹ്മണസമൂഹത്തെ അടച്ചാക്ഷേപിക്കുന്ന രീതി അദ്ദേഹം തുടരുകയാണെങ്കിൽ അദ്ദേഹത്തിനെതിരെ മാനനഷ്ടക്കേസ്സ് കൊടുക്കുന്നതിനെക്കുറിച്ച് ഞങ്ങൾക്ക് ചിന്തിക്കേണ്ടി വരുമെന്നും അറിയിക്കുന്നു.

എം. ബി. എസിനു വേണ്ടി,
ജനറൽ സെക്രട്ടറി,
**കെ. വി. ദേവൻ ഇളയത്.**



## വിശാഖ് & ഗായത്രി

തിരുവനന്തപുരം തൈക്കാട്ട് സാരസ്വതത്തിൽ (ടി.സി 28/477-TSGRA-166) കുറ്റിയാനിപ്പുറത്തില്ലം പത്തനം തിട്ട കെ .കെ .ഹരിഹരന്റെയും എസ് രമാദേവിയുടേയുംമകൻ കെ. എസ് വിശാഖും തിരുവനന്തപുരം വെള്ളനാ ട് കോട്ടൂർ മനയിൽ (അമ്പാടി) കെ. നാരായണൻ പോറ്റിയുടെയും എൻ ജീ പ്രഭാ ദേവിയുടെയും മകൾ എൻ .പി ഗായത്രിയും തമ്മിലുള്ള വേളി 2018 August 29 നു വെള്ളനാട് ഭഗവതി ക്ഷേത്രത്തിൽ വച്ച നടന്നു



## ഗീതു & വിഷ്ണു

തൃപ്പൂണിത്തുറ പുതിയകാവ് കല്ലാത്തു മഠത്തിൽ കെ . ആർ . നാരായണൻ ഇളയത്തിന്റെയും ഗീത അന്തർജ്ജനത്തിന്റെയും മകൾ ഗീതുവും കൊട്ടാരക്കര വെട്ടിക്കവല ഇടമന നാരായണീയം ഇല്ലത്തു എൻ. മാധവൻ പോറ്റിയുടെയും ഉമാദേവി അന്തർജ്ജനത്തിന്റ യും മകൻ വിഷ്ണുവും തമ്മിലുള്ള വേളി 2018 നവംബർ 18 നു പുതിയകാവ് ശ്രീഭദ്ര ഓഡിറ്റോറിയത്തിൽ വച്ച് നടന്നു



## ധന്യ & ശ്രീകാന്ത്

അശമന്നൂർ പെരിഞ്ചേരി ഇല്ലത്ത് പി.വി.രാമൻ ഇളയതിൻെറയും (രാമചന്ദ്രൻ) സുധയുടെയും മകൾ ധന്യയും കുന്നംകുളം ഇടവഴിപ്പുറത്ത് മനയിലെ പരമേശ്വരൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജ്ജനത്തിൻെറയും മകൻ ശ്രീകാന്തും തമ്മിലുള്ള വേളി 2018 ഡിസംബർ 8-ാം തീയതി ശനിയാഴ്ച തൃശ്ശൂർ ശ്രീശങ്കര ഹാളിൽ വച്ച് നടന്നു.

# ജില്ലാവാർഷികം തിരുവനന്തപുരം


















































തിരുവനന്തപുരം
വാർഷികയോഗം



തിരുവനന്തപുരം


## അഭിനന്ദനങ്ങൾ



**ഡോ. രമ്യ എൻ**

കേരള ആരോഗ്യ സർവ്വകലാശാല നടത്തിയ ആയുർവ്വേദം എം.ഡി (പഞ്ചകർമ്മ) പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഡോ. രമ്യ എൻ. കോട്ടയം ജില്ല, കോത്തല ശാഖ കൈനിക്കര ഇല്ലത്ത് ഹരികൃഷ്ണശർമ്മയുടെ ഭാര്യയും, കോട്ടയം പെരുമ്പുഴ ഇല്ലത്ത് പി എൻ നാരായണൻ നമ്പൂതിരിയുടെയും, ഉഷാകുമാരിയുടെയും മകളുമാണ്.

## അഭിനന്ദനങ്ങൾ



**കെ.എം.ശ്രീലക്ഷ്മി മനോജ്**

2018 ഡിസംബറിൽ 59 – ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ തലം) ആലപ്പുഴയിൽ നടന്ന കഥകളി മത്സരത്തിൽ എ ഗ്രേഡ് നേടിയ കെ.എം.ശ്രീലക്ഷ്മി മനോജ് (HFC GHS School Std X) തൃശ്ശൂർ കുറ്റൂർ കോൾഭാഗത്ത് ഇല്ലത്ത് കെ.മനോജ് നാരായണൻ ഇളയതിന്റേയും സി.ആർ. ശ്രീദേവി അന്തർജ്ജനത്തിന്റെ യും മകളാണ്.

## അഭിനന്ദനങ്ങൾ



**വീണ**

CBSE മാനേജ്മെന്റ് അസോസിയേഷൻ തിരുവനന്തപുരത്ത് നടത്തിയ മത്സരങ്ങളിൽ മോഹിനിയാട്ടത്തിനും ക്ലാസിക്കൽ മ്യൂസിക്കിനും ഒന്നാം സമ്മാനവും ഭരതനാട്യത്തിന് രണ്ടാം സമ്മാനവും നേടിയ വീണ. നാരായണൻ നമ്പൂതിരിപ്പാടിന്റെയും മായാ നാരായണന്റെയും മകളാണ്.




2018 നവംബർ 7ന് തൊണ്ണൂറാം പിറന്നാൾ ആഘോഷിച്ച ഞങ്ങളുടെ അമ്മാത്തു മുത്തശ്ശിക്ക് (ദേവകി അന്തർജ്ജനം ആനിക്കാട്, ചിറമംഗലത്തില്ലം) എല്ലാവിധ ആയുരാരോഗ്യ സൗഖ്യങ്ങളും നേരുന്നു. അഖിൽ, നിഖിൽ, വിദ്യ, സന്ധ്യ, അർണിത കണതുരുത്തിൽ ഇല്ലം, ചേർത്തല

## ഷഷ്ഠിപൂർത്തി ആശംസകൾ



2018 ഡിസംബർ 24ന് ഷഷ്ഠിപൂർത്തി ആഘോഷിച്ച തൃപ്പൂണിത്തുറ ഏരൂർ ചേന്നമംഗലത്ത് കിഴക്കേ ഇല്ലത്ത് **സി.എൻ. ദാമോദരൻ ഇളയതും** സഹധർമ്മിണി **സതി അന്തർജ്ജനവും**

## ആദരാഞ്ജലികൾ



ആണ്ടൂർ ഏറത്തുരുത്തിൽ ഇല്ലത്ത് **ഏ.എൻ. നീലകണ്ഠൻ നമ്പൂതിരി** 25-10-18ന് വിഷ്ണുപാദം പൂകി



പെരുമ്പാവൂർ ഐരാപുരം തുരുത്തി ഇല്ലത്ത് **നീലകണ്ഠൻ ഇളയത്** (റിട്ട.ഡെപ്യൂട്ടി സെക്രട്ടറി ഗവ: സെക്രട്ടറിയേറ്റ്) 25-11-18 ന് ദിവംഗതനായി'



എറണാകുളം മുളന്തുരുത്തി പൈങ്ങാരപ്പിള്ളി മനപ്പാട്ടില്ലത്ത് **സത്യവതി അന്തർജ്ജനം** (പരേതനായ പത്മനാഭൻ' എളയതിന്റെ ഭാര്യ.) 6-12-18 ന് ദിവംഗതയായി

# തസ്മൈ ശ്രീ ഗുരവേ നമഃ

ഡോ.പി.എൻ ഹരിശർമ്മ, ആണ്ടൂർ ശാഖ
94464 00946



മലയാള ബ്രാഹ്മണ സമാജത്തിന്റെ ആചാര്യൻ ലോകം മുഴുവൻ ആദരിക്കുന്ന ജഗദ് ഗുരു ആദി ശങ്കരനാണെന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം. എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അദ്വൈത ദർശനത്തിന്റെ ഉപജ്ഞാതാവായ അദ്ദേഹം എ.ഡി.788 ൽ അങ്കമാലിക്കടുത്തുള്ള കാലടിയിൽ ജനിച്ചു .എ .ഡി .820 ൽ ഉത്തരാഖണ്ഡിലെ കേദാർനാഥിൽ സമാധിയായി. കേവലം 32 വയസ്സുവരെ മാത്രം ജീവിച്ച സന്യാസിയും ദാർശനികനുമായിരുന്ന അദ്ദേഹം അദ്വൈത സിദ്ധാന്തത്തിന് യുക്തിഭദ്രമായ പുനരാവിഷ്കാരം നല്കിയ മഹാനായിരുന്നു .

നമ്മുടെ കേരളത്തിന്റെ മണ്ണിലാണ് അദ്ദേഹം പിറന്നു വീണത് എന്നതും നമുക്കേവർക്കും അഭിമാനിക്കാവുന്ന ഒന്നാണ്. അദ്ദേഹത്തിന്റെ കാലടികൾ പതിഞ്ഞതിനാലാണ് പൂർണ്ണാ നദീ(പെരിയാർ) തീരത്തുള്ള കാലടി ഗ്രാമത്തിന് ആ പേര് അന്വർത്ഥമായത്. ബ്രാഹ്മണ ദമ്പതികളായ ശിവഗുരുവിന്റെയും ആര്യാംബയുടേയും ഏക പുത്രൻ. പിറവത്തിനടുത്ത് പാഴൂർ മനയിലെ മഹാപണ്ഡിതനായിരുന്ന ബ്രാഹ്മണന്റെ മകളായിരുന്നു ആര്യാംബ എന്ന ആര്യാദേവി. പേരുപോലെ തന്നെ ഒരു വലിയ ശിവഭക്തനായിരുന്നു ശിവഗുരു .വളരെക്കാലം കുട്ടികളില്ലാതിരുന്ന ഇവർ തൃശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ പോയി 48 ദിവസത്തെ ഭജനമിരുന്നു. ഭഗവാന്റെ അനുഗ്രഹത്താൽ ഗർഭിണിയായ ആര്യാംബ ഗർഭകാലത്ത് പലപ്പോഴും ജടാവല്കലധാരിയായ ശിവനെ സ്വപ്നം കണ്ടിരുന്നതായി പറയുന്നു.

മേടമാസത്തിലെ വൈശാഖ ശുക്ള പക്ഷത്തിലെ പഞ്ചമിയും തിരുവാതിര നക്ഷത്രവും കൂടിയ കർക്കടക ലഗ്നത്തിൽ ആര്യാംബ ഒരു ആൺകുട്ടിക്ക് ജന്മം നല്കി. ശിവന്റെ ബഹുമാനാർത്ഥം ശങ്കരൻ എന്ന് ആ കുട്ടിക്ക് പേരിട്ടു. ശങ്കരൻ എന്ന വാക്കിന് സന്തോഷദായകൻ എന്നും അർത്ഥമുണ്ട്. കാത്തിരുന്നു കിട്ടിയ കൺമണി ഏവർക്കും സന്തോഷദായകനായതിൽ അത്ഭുതമില്ല .

പിതാവ് ശിവഗുരു ശങ്കരന്റെ ബാല്യത്തിൽ ത്തന്നെ മരിച്ചു. മാതാവാണ് ശങ്കരനെ മൂന്നാം വയസ്സിൽ അക്ഷരാഭ്യാസം ചെയ്യിച്ചത്. അഞ്ചാം വയസ്സിൽ ഉപനയനത്തെ തുടർന്ന് സാമ്പ്രദായിക രീതിയിൽ ഗുരുകുല വിദ്യാഭ്യാസം. അക്കാലത്ത് ബ്രഹ്മചാരികൾ ഭിക്ഷ വാങ്ങി ജീവിക്കുകയാണ് പതിവ്. ഒരിക്കൽ ഒരു ദരിദ്രയായ സ്ത്രീ മാത്രം താമസിക്കുന്ന വീട്ടിൽ ഭിക്ഷ യാചിച്ചെത്തിയ അദ്ദേഹത്തിന് ഒരു ഉണങ്ങിയ കാട്ടു നെല്ലിക്ക മാത്രം നൽകാനേ അവർക്ക് ഉണ്ടായിരുന്നുള്ളു.

അത് സന്തോഷത്തോടെ ഭിക്ഷയായി സ്വീകരിച്ച അദ്ദേഹം ലക്ഷ്മീദേവിയെ സ്തുതിച്ച് കനകധാരാ സ്തോത്രം ചൊല്ലിത്തീർന്നയുടനെ അവിടെ ധാരാളം സ്വർണ നെല്ലിക്കകൾ പൊഴിഞ്ഞു .

എട്ടാമത്തെ വയസ്സ് പൂർത്തിയാകുന്നതിനുള്ളിൽത്തന്നെ നാലു വേദങ്ങളും വേദാന്ത പുരാണങ്ങളും ഇതിഹാസങ്ങളും ഹൃദിസ്ഥമാക്കിയ അദ്ദേഹം ലൗകിക ജീവിതത്തോട് വിരക്തി തോന്നി സന്യാസം സ്വീകരിക്കുന്നതിനാഗ്രഹിച്ചു.

എന്നാൽ ഏകമകനായ അദ്ദേഹത്തെ പിരിയാൻ മാതാവ് വിസമ്മതിച്ചു. സന്യാസം ഒരു ജന്മമാണ്. അതു സ്വീകരിച്ചാൽ മരണ ഹേതുവായ മുതലയിൽ നിന്നും രക്ഷപ്പെടാമെന്ന് അമ്മയെ പറഞ്ഞു വിശ്വസിപ്പിച്ചതായി ഒരു കഥയുണ്ട്. അദ്ദേഹത്തിന്റെ ഇല്ലത്തിനടുത്തുള്ള കുളിക്കടവ് 'മുതലക്കടവ്' എന്നാണ് ഇന്നും അറിയപ്പെടുന്നത്.

അമ്മയുടെ സമ്മതം വാങ്ങി സന്യാസത്തിനിറങ്ങിയ അദ്ദേഹം ഒരു ഗുരുവിനെത്തേടി ഭാരതം മുഴുവൻ ചുറ്റി സഞ്ചരിച്ചു. അവസാനം ഗുരുവായി നർമ്മദാ തീരത്ത് ഓംകാരേശ്വരത്തിൽ ഗോവിന്ദ ഭഗവത്പാദരെ കണ്ടെത്തി. വേദവ്യാസന്റെ ശിഷ്യ പരമ്പരയിൽപ്പെട്ട ഗൗഡപാദരുടെ ശിഷ്യനായിരുന്നു ഭഗവത്പാദർ. ശങ്കരന്റെ ജ്ഞാനം എത്രയുണ്ടന്ന് പരീക്ഷിക്കുന്നതിനായി ചോദ്യങ്ങൾ ചോദിച്ച അദ്ദേഹത്തെ നിമിഷങ്ങൾ കൊണ്ട് പത്ത് ശ്ലോകങ്ങളുണ്ടാക്കി ചൊല്ലിക്കേൾപ്പിച്ച് അത്ഭുതപ്പെടുത്തി. അത് 'ദശശ്ലോകി' എന്ന പേരിൽ പ്രസിദ്ധമാണ്. ഇതിൽ മതിപ്പു തോന്നിയ അദ്ദേഹം ശങ്കരനെ ശിഷ്യനായി സ്വീകരിച്ചു.

പഠനം പൂർത്തിയാക്കിയ അദ്ദേഹം അദ്വൈത സിദ്ധാന്തത്തിന്റെ പ്രചരണത്തിനായി കാശിയിലേക്ക് പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ താണ ജാതിയിൽപ്പെട്ട ഒരാൾ നാല് നായ്ക്കളുമായി വരുന്നത് കണ്ടു. തൊട്ടുകൂടായ്മ നിലനിന്നിരുന്ന അക്കാലത്ത് അയാളോട് വഴി മാറാൻ ആവശ്യപ്പെട്ടു. അപ്പോൾ അയാൾ തന്റെ ശരീരമാണോ ആത്മാവാണോ മാറേണ്ടത് എന്ന് ചോദിച്ചു. ഇതിൽ സ്തബ്ധനായ അദ്ദേഹം തന്റെ മുമ്പിൽ നിൽക്കുന്നത് ഭഗവാൻ പരമശിവനാണെന്നും നായകൾ നാലു വേദങ്ങളാണെന്നും തിരിച്ചറിഞ്ഞ് അഞ്ചു ശ്ലോകങ്ങൾ കൊണ്ട് ഭഗവാനെ സ്തുതിച്ചു. ഇത് 'മനീഷാപഞ്ചകം' എന്നറിയപ്പെടുന്നു .

ഒരിക്കൽ കാശിയിൽ സംസ്കൃത വ്യാകരണങ്ങൾ കഷ്ടപ്പെട്ട് ഉരുവിടുന്ന ഒരു ബ്രാഹ്മണനെ കണ്ടു. മരണ കാലത്ത് വ്യാകരണങ്ങൾ രക്ഷക്കെത്തില്ലെന്നും ഗോവിന്ദനെ ഭജിക്കുക മാത്രമാണ് പോംവഴി എന്നും അദ്ദേഹത്തിനെ ഉപദേശിക്കുന്നതിനായിട്ടാണ് 'ഭജഗോവിന്ദസ്തോത്രം' രചിച്ചത് .

ഹിമാലയത്തിലെ ബദരിയിൽ എത്തിയ ശങ്കരൻ അവിടെ വച്ച് ഭാഷ്യങ്ങളും പ്രകരണഗ്രന്ഥങ്ങളും രചിച്ചു. തന്റെ ശിഷ്യന്മാരെ അവ പഠിപ്പിക്കുകയും ചെയ്തു. ഇക്കാലത്താണ് കുമാരിലഭട്ടന്റെ ശിഷ്യനായ മണ്ഡനമിശ്രനുമായി തർക്കത്തിലേർപ്പെട്ടത്. അതിൽ അദ്ദേഹത്തെ തോൽപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയായ ഉദയഭാരതി കാമശാസ്ത്രത്തെക്കുറിച്ച് ചില ചോദ്യങ്ങൾ ചോദിച്ചു. അതിനെക്കുറിച്ച് അറിവില്ലാതിരുന്നതിനാൽ അക്കാലത്ത് മരിച്ച അമരേന്ദ്രൻ എന്ന രാജാവിന്റെ ശരീരത്തിൽ തന്റെ ആത്മാവിനെ പ്രവേശിപ്പിച്ച് അതേക്കുറിച്ച് പഠിച്ചുവന്ന് ഉദയഭാരതിയുടെ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരങ്ങൾ നല്കി അവരേയും പരാജയപ്പെടുത്തി. അദ്വൈതവാദത്തെ പുനസ്ഥാപിക്കുന്നതിനായി ഭാരതം മുഴുവൻ ചുറ്റി സഞ്ചരിച്ചു. ശങ്കരന്റെ ഈ യാത്രയെ 'ദിഗ്വിജയം' എന്നറിയപ്പെടുന്നു. രാമേശ്വരത്ത് ശിവൻ കപാലിയുടെ രൂപത്തിൽ അദ്ദേഹത്തിന് പ്രത്യക്ഷമായി. ശിവനെ സ്തുതിച്ചു കൊണ്ട് ശിവാനന്ദലഹരി എന്ന സ്തോത്രം ജപിച്ച് പ്രസന്നനാക്കി. പിന്നീട് ശങ്കരാചാര്യർ കാശ്മീരിലെ സർവജ്ഞപീഠത്തിലെത്തി(ഇപ്പോൾ പാക് അധീന കാശ്മീരിൽ). ഈ ക്ഷേത്രത്തിന് നാല് ഗോപുരങ്ങളാണ് ഉള്ളത്.

തെക്കുവശത്തെ ഗോപുരം ഭാരതത്തിന്റെ തെക്കുഭാഗത്തു നിന്നും പണ്ഡിതന്മാർ ആരും വരാത്തതിനാൽ തുറക്കാറില്ല. ശങ്കരാചാര്യർ മറ്റു മൂന്നുദിക്കുകളിൽ നിന്നുമുള്ള പണ്ഡിതൻമാരെ വേദാന്തം, മീമാംസ തുടങ്ങിയവയിലെല്ലാം തർക്കത്തിൽ തോൽപിച്ച് തെക്കേ ഗോപുരം തുറന്ന് സർവ്വജ്ഞപീഠം കയറി.

മുന്നൂറിലധികം ഗ്രന്ഥങ്ങളുടെ കർത്താവായ ശങ്കരാചാര്യർ വേദസാഹിത്യത്തിന് വ്യാഖ്യാനങ്ങൾ രചിച്ചു. വേദാന്ത തത്വചിന്തയിലെ അദ്വൈത വിഭാഗത്തിന്റെ ഏറ്റവും വലിയ വക്താവായ അദ്ദേഹം നൂറ്റാണ്ടുകളായി ജൈനമതത്തിന്റേയും ബുദ്ധമതത്തിന്റേയും വെല്ലുവിളി നേരിട്ടിരുന്ന ഹിന്ദു മതത്തിന് പുത്തനുണർവ് നല്കി.

തന്റെ സന്ദേശങ്ങൾ ഭാരതത്തിലെമ്പാടും പ്രചരിപ്പിക്കുന്നതിനായി ശങ്കരാചാര്യർ നാലു മഠങ്ങൾ സ്ഥാപിച്ചു. വടക്ക് ഉത്തരാഞ്ചലിലെ ബദരിനാഥിൽ സ്ഥാപിച്ച ജ്യോതിർ മഠം, പടിഞ്ഞാറ് ഗുജറാത്തിലെ ദ്വാരകയിൽ സ്ഥാപിച്ച ദ്വാരകാപീഠം, കിഴക്ക് ഒറീസ്സയിലെ പുരിയിൽ സ്ഥാപിച്ച ഗോവർദ്ധന മഠം, തെക്ക് കർണാടകയിലെ ശൃംഗേരിയിൽ സ്ഥാപിച്ച ശാരദാപീഠം എന്നിവ. അദ്ദേഹത്തിന്റെ നാലു മുഖ്യ ശിഷ്യന്മാരായ സുരേശ്വരാചാര്യർ, ഹസ്താമലകാചാര്യർ, തോടകാചാര്യർ, പത്മപാദാചാര്യർ എന്നിവരെ ആ മഠങ്ങളുടെ ചുമതലയേൽപ്പിച്ചു. അവരുടെ ശിഷ്യപരമ്പരയിലൂടെ ഹിന്ദു മതത്തിന്റെ പ്രശസ്തി ഇന്നും വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

കവിത

# സ്വാമിശരണം

ഗിരിജ എൻ. നമ്പൂതിരി, വടുതലായിൽ ഇല്ലം
ആണ്ടൂർ ശാഖ

വിനാശകാലേ വിപരീത ബുദ്ധി
എന്ന ചൊല്ലുന്നു മഹാരഥന്മാർ
ലോകാവസാനത്തിനു നേരമായെ
ന്നോരോ മഹാന്മാർക്കുമുദിച്ചു ബുദ്ധി

അയ്യപ്പനെച്ചെന്നു വണങ്ങുവാനായ്
പൊയ്യല്ല നാരിയ്ക്കു വിലക്കു തീർന്നു
സ്വാതന്ത്ര്യമർഹിച്ചു കഴിഞ്ഞിരുന്ന
സ്ത്രീകൾക്കിതിൽ കൂടുതലെന്തു ഭാഗ്യം

താനേ കരേറുന്നൊരു വാനരന്നു
കേറുന്നതിന്നേണി തരപ്പെടുത്താൻ
ആളുണ്ട് വേണ്ടോളമതെന്നുവന്നാൽ
കേറാൻ മടിക്കുന്നവനും കരേറും

കണ്ടാൽ പഠിക്കാത്ത ജനത്തിനേവം
കൊണ്ടാൽ പഠിക്കുന്നത് സത്യവാക്യം
കണ്ടീലയോ നാം പ്രളയത്തിൽ നാട
ങ്ങാണ്ടോരുനാൾ നമ്മൾ മറന്നുപോയോ



പരീക്ഷണം നല്ലതു തന്നെയെന്നാൽ
ദൈവത്തിനോട്ടീക്കളി വേണ്ട തെല്ലും
ആ ബ്രഹ്മചാരിയ്ക്കു രസിച്ചിടാത്ത
കാര്യത്തിൽ മുന്നോട്ടു ഗമിച്ചിടേണ്ടാ

അയ്യൻ വിചാരിക്കുക പോംവഴിക്കായ്
ഇല്ലെങ്കിലീനാട് നശിച്ചുപോകും
ഇല്ലാത്ത പൊല്ലാപ്പു വലിച്ചുവച്ചാൽ
എല്ലാർക്കുമൊന്നിച്ചൊരു യാത്രയാവാം

## എം.ബി.എസ്. കേന്ദ്രഭരണസമിതി

# നയപ്രഖ്യാപനവും പ്രവർത്തന രൂപരേഖയും

## 2018-2021

പ്രിയപ്പെട്ട കേന്ദ്രകൗൺസിൽ അംഗങ്ങളെ..,

1934 ൽ ആലപ്പുഴ കേന്ദ്രമാക്കി മലയാള ബ്രാഹ്മണരുടെ കൂട്ടായ്മയും ഉന്നമനവും ലക്ഷ്യമാക്കി കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ നമ്മുടെ സമാജം 1998 ഡിസംബർ 13 ന് ചേർന്ന പൊതുയോഗത്തിൽ പുതിയ നിയമാവലി അംഗീകരിക്കുകയും ഗ593/99 എന്ന രജിസ്ട്രേഷൻ നമ്പരിൽ ചാരിറ്റബിൾ സാെസ!!ൈ!!റ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുകയുമാണല്ലോ. പുതിയ നിയമാവലി അനുസരിച്ച് 2018/21 കാലയളവിലേക്കുള്ള സമാജത്തിന്റെ ഏഴാമത്തെ കേന്ദ്രഭരണസമിതി 11/11/2018 ൽ തെരെഞ്ഞെടുക്കപ്പെടുകയും ഇന്ന് (25/11/2018 ൽ) പുതിയ സമിതി അധികാരം ഏറ്റെടുക്കുകയും ചെയ്യുകയാണ്. ഈ അവസരത്തിൽ പ്രവർത്തനങ്ങൾ സംബന്ധിച്ച് പുതിയ സമിതിയുടെ നയങ്ങളും ഒപ്പം അടുത്ത മൂന്ന് വർഷങ്ങൾ കൊണ്ട് നടപ്പാക്കാൻ ആഗ്രഹിക്കുന്ന വിവിധ പദ്ധതികളുടെ രൂപരേഖയും സമാജത്തിന്റെ പരമോന്നതസമിതിയായ കേന്ദ്രകൗൺസിലിൽ അവതരിപ്പിക്കുകയാണ്.

സമുദായസംഘടന എന്നതിലുപരി കേരളത്തിലെ മലയാള ബ്രാഹ്മണരുടെ ഒരു കൂട്ടായ്മ സൃഷ്ടിച്ചെടുക്കുകയും ബ്രാഹ്മണസംസ്ക്കാരം പരിപോഷിപ്പിച്ചു നിലനിർത്തുക എന്ന പ്രാഥമിക കർത്തവ്യത്തിനൊപ്പം ആധുനികജീവിത സാഹചര്യങ്ങളെ ഉൾക്കൊണ്ട് നമ്മുടെ അംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ വളർച്ച ഉറപ്പ് വരുത്താൻ ഈ സമിതി ആഗ്രഹിക്കുന്നു. ശാഖകൾ, ജില്ലകൾ കേന്ദ്രഘടകം എന്നിങ്ങനെ ത്രിതലങ്ങളിൽ പ്രവർത്തിക്കുന്ന നമ്മുടെ ഭരണസംവിധാനത്തിൽ ശാഖകളുടെ പ്രവർത്തനങ്ങൾ ഏറ്റവും പ്രാധാന്യത്തോടെ പ്രോത്സാഹിപ്പിക്കുകയും, ഒപ്പം ശാഖകളുടെ പ്രവർത്തനങ്ങളെ തികച്ചും ജനാധിപത്യപരമായും സുതാര്യമായും ഏകോപിപ്പിക്കാൻ ജില്ലാസമിതികളെ സജ്ജമാക്കുകയും ചെയ്യുക എന്നതായിരിക്കും ഈ കേന്ദ്രസമിതിയുടെ പൊതുനയം. ആരേയും മാറ്റിനിർത്താതെ എല്ലാവരുടെയും അഭിപ്രായങ്ങൾ സശ്രദ്ധം വിലയിരുത്തി അഭിപ്രായസമന്വയത്തിനായി എല്ലാ ശ്രമങ്ങളും നടത്തുവാൻ ഈ സമിതി പ്രതിജ്ഞാബദ്ധമാണ് എന്ന് ഊന്നിപ്പറയുവാനും ഈ അവസരത്തിൽ ആഗ്രഹിക്കുന്നു. ഈ പൊതുനയത്തിൽ ഉറച്ച് നിന്നുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ സുഗമമാക്കുവാൻ സംഘടനാശാക്തീകരണം, അംഗങ്ങളുടെ സാംസ്ക്കാരിക ഉന്നമനം, കാരുണ്യ പ്രവർത്തനങ്ങൾ എന്നിങ്ങനെ പ്രവർത്തനങ്ങളെ ക്രോഡീകരിച്ചുകൊണ്ട് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാൻ ആഗ്രഹിക്കുന്നു.

01. സമാജപ്രവർത്തനങ്ങൾക്ക് സുതാര്യത ഉറപ്പാക്കിക്കൊണ്ടും ഒപ്പം ജനാധിപത്യമൂല്യങ്ങൾ കൂടുതൽ ഊട്ടിഉറപ്പിച്ചുകൊണ്ടും ആധുനിക പ്രവർത്തന രീതികൾ ഉൾക്കൊള്ളാൻ സജ്ജമാക്കുന്ന രീതിയിലും നമ്മുടെ നിയമാവലി പരിഷ്ക്കരിക്കുക. എല്ലാ ശാഖകളിലും ജില്ലാസമിതികളിലും ചർച്ച ചെയ്തതിന് ശേഷം 2019 മെയ് മാസത്തിൽ നടക്കുന്ന കേന്ദ്രകൗൺസിലിൽ ഈ പരിഷ്ക്കരണം പൂർത്തിയാക്കും.

02. നമ്മുടെ മുൻകാലപ്രവർത്തകർ എന്ന നിലയിൽ മുമ്പ് പ്രവർത്തിച്ചിരുന്ന ആറ് കേന്ദ്രസമിതികളുടെയും പ്രസിഡന്റ്, സക്രെട്ടറി, ട്രഷറർ എന്നിവരെ ഒരു പൊതുവേദിയിൽ ഒന്നിച്ച് നിർത്തി ആദരിക്കുന്നതിനും ഈ സമിതി ആഗ്രഹിക്കുന്നു. കൂടാതെ മുൻ 31അംഗകേന്ദ്രസമിതികളിൽ അംഗങ്ങളായിരുന്നവരെ പിന്നീട് വരുന്ന കേന്ദ്രകൗൺസിലുകളിൽ പ്രത്യേക ക്ഷണിതാക്കളായി നിലനിർത്തുന്നതിന് ആവശ്യമായ നിയമഭേദഗതിയും വരുത്തും.

03. കേരളത്തിൽ എല്ലാ ജില്ലകളിലും ശാഖകളും ജില്ലാസമിതികളും രൂപീകരിക്കുക. പത്തനംതിട്ട ജില്ലാസമിതിയുടെയും ഒപ്പം ആ ജില്ലയിലെ വിവിധ ശാഖകളുടെയും രൂപീകരണവും, ആലപ്പുഴ, പാലക്കാട്, തിരുവനന്തപുരം, ഇടുക്കി എന്നീ ജില്ലകളിലെ പുതിയ ശാഖകളുടെ രൂപീകരണവും ഈ പ്രവർത്തനവർഷത്തിൽ തന്നെ നടത്തുക.

04. എല്ലാ ഹൈന്ദവ വിശേഷദിവസങ്ങളും ശാഖാതലത്തിലും, ജില്ലാതലത്തിലും ആഘോഷിക്കുന്നത് പ്രോത്സാഹിപ്പിക്കും. ഇത്തരം വിശേഷദിവസങ്ങളുടെ പട്ടിക പ്രത്യേകം തയ്യാറാക്കി എല്ലാ ഗൃഹങ്ങളിലും എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും. പുതിയ തലമുറക്ക് ഈ ദിവസങ്ങളുടെ പ്രാധാന്യം പറഞ്ഞ് മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തണം.

05. ശാഖായോഗങ്ങൾ കുടുംബ സംഗമങ്ങളായി നടത്തുന്നത് പ്രോത്സാഹിപ്പിക്കും. ശാഖായോഗറിപ്പോർട്ടുകൾ ജില്ലാസമിതി വഴി കേന്ദ്രസമിതിയിൽ എത്തിക്കുകയും, കേന്ദ്രയോഗറിപ്പോർട്ടുകൾ തിരിച്ച് ശാഖകളിലും എത്തിക്കണം. ജില്ലാസമിതി യോഗങ്ങളിൽ കേന്ദ്രസമിതിയുടെ പ്രതിനിധി പങ്കെടുക്കണം. ശാഖായോഗങ്ങളിൽ പ്രത്യേക വിഷയങ്ങളിൽ പഠനക്ലാസുകളും നടത്തണം.

06. ഹൈന്ദവവിശേഷദിവസങ്ങളുടെ വിവരങ്ങളും ഒപ്പം ശാഖ/ജില്ലാ/കേന്ദ്ര ഭരണസമിതി അംഗങ്ങളുടെയും ജില്ലയുടെയും കേന്ദ്രത്തിന്റേയും കൗൺസിൽ അംഗങ്ങളുടെയും കൂടാതെ വിവിധ പ്രദേശങ്ങളിലെ ആചാര്യന്മാരുടെയും ഫോട്ടോയും ഫോൺനമ്പരും അടങ്ങുന്ന ഡയറക്ടറി എല്ലാ ഗൃഹങ്ങളിലും എത്തിക്കുന്നതിനും ഈ ഭരണസമിതി ആഗ്രഹിക്കുന്നു.

07. സമാജത്തിന്റെ പോഷകസംഘടനകൾ എന്ന നിലയിൽ യുവജനവേദിയും വനിതാവേദിയും രൂപീകരിക്കണം. ഇതിനാവശ്യമായ ഭേദഗതികൾ നിയമാവലിയിൽ വരുത്തും. സ്ത്രീകൾക്കും യുവാക്കൾക്കും സ്വയംപര്യാപ്തത നേടുന്നതിനുതകുന്ന സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കും. കരിയർ ഗൈഡൻസ്, വിവാഹപൂർവ്വകൗൺസിലിംങ്, നേതൃത്വപരിശീലനം, യുവജനക്യാമ്പുകൾ, പൂജാപഠനക്യാമ്പുകൾ മുതലായവയും സംഘടിപ്പിക്കും.

08. സമാജത്തിലെ എല്ലാ അംഗങ്ങളുടേയും വിവരങ്ങൾ ശേഖരിക്കുകയും അതുപയോഗിച്ച് ഗ്രൂപ്പ് ഇൻഷുറൻസ്, വിവാഹാലോചനകൾ, തൊഴിൽ സംബന്ധമായ സഹായങ്ങൾ എന്നിവ നടപ്പാക്കും. ഈ വിവരങ്ങൾ എല്ലാം കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും ചെയ്യും. എല്ലാ ജില്ലകളിലും ഡയറക്ടറികൾ പ്രസിദ്ധീകരിക്കുന്നതിനും ഇത് ഉപയോഗിക്കും. മുന്നോക്ക സമുദായ വികസനകോർപ്പറേഷനിൽ നിന്നുള്ള ആനുകൂല്യങ്ങളും അംഗങ്ങൾക്ക് നേടി എടുക്കാൻ ഇത് പ്രയോജനപ്പെടും. കൂടുതൽ കാര്യക്ഷമമായ രീതിയിൽ വിവാഹബ്യൂറോയും ആരംഭിക്കും.

09. പൂജാകാര്യങ്ങളിൽ പ്രാവീണ്യമുള്ളവരുടെയും, പൂജകരായി ജോലി ചെയ്യുന്നവരുടെയും വിവരങ്ങൾ ശേഖരിച്ച് കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും, ആയത് ഫോൺ നമ്പർ സഹിതം എല്ലാ ജില്ലകൾക്കും നൽകുകയും പകരക്കാരായി പൂജകരെ കിട്ടുന്നതിന് ഉപയോഗപ്രദമാക്കുകയും ചെയ്യും. അമ്പലങ്ങളിൽ ജോലി ചെയ്യുന്ന പൂജകരുടെ സംഘടനാരൂപീകരണവും ആലോചിക്കുന്നു.

10. എല്ലാ ജില്ലകളിലും എല്ലാ വർഷവും ജില്ലാ സമ്മേളനങ്ങൾ കലാമത്സരങ്ങൾ ഉൾപ്പെടെ സംഘടിപ്പിക്കുന്നതിന് നിർദ്ദേശിക്കും. ബ്രാഹ്മണസംസ്ക്കാരവും പൈതൃകവും പുതിയ തലമുറയിൽ പകർത്താൻ ഇത്തരം വേദികൾ ഉപയോഗിക്കണം.

11. എല്ലാ ജില്ലകളിലും ശാഖകൾ രൂപീകരിക്കുന്നതിനൊപ്പം ശാഖാതലത്തിൽ ആസ്ഥാനമന്ദിരങ്ങളും നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കും. ഓരോ ജില്ലയിലെയും പ്രധാനപ്രദേശത്തെ ശാഖകളുടെ ആസ്ഥാനം ജില്ലാആസ്ഥാനമന്ദിരമായും പ്രവർത്തിക്കുന്നതിന് ഉതകുന്ന തരത്തിൽ ആയിരിക്കണം.

12. എല്ലാ ശാഖകളുടെയും ജില്ലകളുടെയും വിവിധ റെക്കോർഡുകളും കണക്കും സൂക്ഷിക്കുന്നതിന് ഏകീകൃതസ്വഭാവം കൊണ്ടുവരും. കണക്കുകളുടെ ഓഡിറ്റ് കൃത്യമായി നടപ്പാക്കാൻ ഓഡിറ്ററെ ചുമതലപ്പെടുത്തും.

13. വിവിധ ബ്രാഹ്മണസംഘടകളുമായി പ്രത്യേകിച്ച് യോഗക്ഷേമസഭയുമായി കൂടുതൽ യോജിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ശ്രമിക്കും.

14. മുൻകാലപ്രവർത്തകരിൽ സജീവമായി സഹകരിക്കുന്നവർക്ക് കേന്ദ്രസമിതിയിൽ പ്രത്യേകക്ഷണിതാക്കളായി വരുന്നതിന് അവസരം സൃഷ്ടിക്കും.

15. മലയാള ബ്രാഹ്മണർ അവശ്യം അറിഞ്ഞിരിക്കേണ്ടതായ ഷോഡശ സംസ്കാരങ്ങളിൽ അംഗങ്ങൾക്കുള്ള അറിവില്ലായ്മയും സംശയങ്ങളും പരിഹരിക്കുന്നതിനു വേണ്ടിയിട്ടും ഭാവിയിൽ ഉണ്ടായേക്കാവുന്ന ആചാര്യന്മാരുടെ കുറവിനെ പരിഹരിക്കുന്നതിന് വേണ്ടിയും പകഴിയം ചടങ്ങിനെ വിശദമായും ലളിതമായും പ്രായോഗികമായും പ്രചരിപ്പിക്കുന്നതിനും പഠിക്കുന്നതിനുമായി ഒരു പ്രയത്നം ആരംഭിക്കുകയാണ്. ഈ സമിതിയുടെ കാലയളവ് തീരുന്നതിന് മുൻപായി ഉപനയനം, വിവാഹം,മരണാനന്തര കർമ്മങ്ങൾ എന്നിവയെപ്പറ്റി വിശദമായ ഒരു ഗ്രന്ഥം തയ്യാറാക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുന്നു. അതിനെത്തുടർന്ന് ആചാര്യപദവിയിലേക്ക് ഇനി എത്തിച്ചേരേണ്ടവരായ പുതുതലമുറയെ പരിശീലിപ്പിക്കുന്നതിനും ശ്രമിക്കുന്നതാണ്.

16. സമാജത്തിന്റെ കീഴിൽ ട്രസ്റ്റുകൾ, സൊസൈറ്റികൾ, ധനകാര്യസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ മുതലായവ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനങ്ങൾ നടത്തും. ബ്രാഹ്മണരായിട്ടുള്ള ബിസിനസ് സംരംഭകരുടെ പ്രത്യേക യോഗം വിളിക്കുകയും സാമ്പത്തിക ഉന്നമനത്തിനായിട്ടുള്ള സംരംഭങ്ങളുടെ സാധ്യതകൾ പഠിക്കുകയും ചെയ്യും.

17. വാർട്സ്ആപ്പ്, ഫേസ്ബുക്ക്, വെബ്സൈറ്റ് മുതലായ നവമാദ്ധ്യമങ്ങളിലൂടെ സമാജത്തിന്റെ പ്രചാരണം കൂടുതൽ കാര്യക്ഷമമാക്കും. ഔദ്യോഗിക വാർട്സ്ആപ്പ് ഗ്രൂപ്പുകൾ നിയന്ത്രിക്കുന്നതിനും, പത്രങ്ങൾ, ദൃശ്യമാദ്ധ്യമങ്ങൾ മുതലായവയിലൂടെ സമാജത്തിന്റെ പ്രതികരണങ്ങൾ അതാത് വിഷയത്തിനനുസരിച്ച് അറിവുള്ളവരുമായി ആലോചിച്ച് നടത്തുന്നതിനുമായി ഒരു പബ്ലിക് റിലേഷൻസ് ഓഫീസറേയും കണ്ടെത്തും.

18. നമ്മുടെ മുഖപത്രമായ ബ്രഹ്മശ്രീ കൂടുതൽ ആകർഷകമായ രീതിയിൽ ഈടുറ്റതും ശ്രദ്ധേയവുമായ രചനകൾ ഉൾക്കൊള്ളിച്ച് പ്രസിദ്ധീകരിക്കുന്നതിന് ശ്രമിക്കും. പുരാണകഥകൾ, വനിതകൾക്ക് പാചകം, തയ്യൽ, യുവജനതക്ക് പ്രിയപ്പെട്ട വിവരങ്ങൾ എന്നിങ്ങനെ എല്ലാവർക്കും ആവശ്യമായ വിഭവങ്ങൾ ഉൾപ്പെടുത്തും. പ്രത്യേക പ്രസിദ്ധീകരണ വിഭാഗത്തിന്റെ ഉത്തരവാദിത്വത്തിൽ ബ്രഹ്മശ്രീ ഒരു മാസികയായി പുറത്തിറക്കുന്നതിനൊപ്പം ബ്രാഹ്മണസംസ്ക്കാരവും, ഹിന്ദുസംസ്ക്കാരവും പുതുതലമുറയിലേക്ക് എത്തിക്കാനുതകുന്ന പുസ്തകങ്ങളും പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു.

19. ബ്രഹ്മശ്രീയുടെ വിതരണം കൂടുതൽ കാര്യക്ഷമമാക്കും. പോസ്റ്റൽ അധികാരികളുടെ ഇളവ് നേടി എടുത്ത് എല്ലാവർക്കും തപാൽ മാർഗം അയക്കുന്നതിനും ശ്രമിക്കും. ബ്രഹ്മശ്രീ എല്ലാ ഗൃഹങ്ങളിലും എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും. എല്ലാ ഗൃഹങ്ങളും ബ്രഹ്മശ്രീയിൽ വരിക്കാരനാകണമെന്നുള്ള നിയമാവലി ഭേദഗതിയും ഉദ്ദേശിക്കുന്നു. അതോടൊപ്പം ബ്രഹ്മശ്രീയിൽ പ്രസിദ്ധീകരിക്കുന്ന കാര്യങ്ങൾ ഉത്തരവാദിത്വത്തോടെ ആയിരിക്കും എന്നുറപ്പ് വരുത്തുകയും ചെയ്യും. എല്ലാ അംഗങ്ങളുടെയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരിക്കാൻ സാഹചര്യം സൃഷ്ടിക്കും. എല്ലാ ശാഖകളുടെയും വാർത്തകളും ചിത്രങ്ങളും പ്രസിദ്ധീകരികരിക്കാൻ സൗകര്യമൊരുക്കും. ഗൃഹങ്ങളുടെ വിശേഷ അടിയന്തിരങ്ങളുടെ ഫോട്ടോ പണം കൊടുത്തും ഉന്നതവിജയികളുടെയും പുരസ്കാരജേതാക്കളുടെയും ഫോട്ടോ പണം ഈടാക്കാതെയും പ്രസിദ്ധീകരിക്കണം.

20. എല്ലാ ശാഖകളുടെയും ജില്ലകളുടെയും ഭരണസമിതി അംഗങ്ങൾക്ക് സമാജത്തിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ അറിവ് നൽകുന്നതിനും നേതൃത്വപാടവം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന തരത്തിൽ ഒരു ക്യാമ്പ് സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

അംഗങ്ങളുടെ ദൈനംദിന ജീവിതത്തിൽ സമാജത്തിന്റെ പ്രസക്തി വർദ്ധിപ്പിച്ചുകൊണ്ട് അർത്ഥപൂർണ്ണമായ ഇടപെടലുകൾക്ക് അവസരമൊരുക്കി ഒരു വിശാലക്ഷേമകുടുംബം സൃഷ്ടിക്കുക എന്ന നമ്മുടെ ലക്ഷ്യം നേടാൻ ഈ പദ്ധതികൾ പര്യാപ്തമാകും എന്ന വിശ്വാസത്തിൽ ഈ രൂപരേഖ കൗൺസിൽ അംഗങ്ങളുടെ അംഗീകാരത്തിനായി സവിനയം സമർപ്പിക്കുന്നു.

# ശബരിമല യുവതീപ്രവേശനം

സുധാകുമാരി, മാന്താനത്തില്ലം, തുറവൂർ ശാഖ;, 944 757 8700

രാജ്യത്തെ പരമോന്നത നീതിപീഠവും സംസ്ഥാനത്തെ ഭരണാധികാരികളും അവരുടെ സകല അധികാരവുമുപയോഗിച്ചു ശബരിമലയിൽ യുവതി പ്രവേശനത്തിന് ശ്രമിച്ചാൽ നമ്മുടെയൊക്കെ എതിർപ്പിന്റെ പ്രായോഗികത എവിടെ? എല്ലാ അയ്യപ്പ ഭക്തന്മാർക്കും വലിയ വേദന ഉളവാക്കുന്നതാണിത്. എല്ലാം സ്വാമിക്ക് തന്നെ വിട്ടുകൊടുക്കാം അല്ലേ ?

അവിടെയാണ് വിശ്വാസത്തിന്റെ പ്രസക്തി. യുവതീപ്രവേശനത്തിന്റെ ഒരു സൂചന ഉണ്ടായപ്പോൾ തന്നെ കേരളത്തെ പ്രളയം വിഴുങ്ങിയില്ലേ? ചിങ്ങം ഒന്നിന് മേൽശാന്തി അല്ലാതെ ആരും സ്വാമിയുടെ അടുത്തെത്തിയില്ല. സ്വാമി എല്ലാവരെയും അകറ്റി നിർത്തിയെന്നതല്ലേ സത്യം. അന്നത്തെ കഷ്ടനഷ്ടങ്ങളിൽ നിന്ന് കരകയറാൻ ഇതുവരെ കേരളത്തിന് കഴിഞ്ഞോ? 'ബുദ്ധിനാശാൽ പ്രണശ്യതി' എന്ന ഭഗവത്ഗീത വാക്യം അക്ഷരാർത്ഥത്തിൽ തന്നെ സംഭവിച്ചു. ബുദ്ധിശൂന്യമായ തീരുമാനങ്ങൾ കൊണ്ടുണ്ടായ നാശമാണ് നാം പ്രളയത്തിൽ കണ്ടത്.

സുഖത്തിലും ദുഖത്തിലും നമ്മുക്ക് സമനില തെറ്റാതിരിക്കാൻ കരുത്തുനല്കുന്നതാണ് ഈശ്വരവിശ്വാസം. ശബരിമല അയ്യപ്പൻ നമുക്ക് സ്വാമിയാണ്. വ്രതമെടുക്കാൻ മാല ഇടുമ്പോൾ മുതൽ നമ്മളും സ്വാമി ആവുന്നു. മാല ഇട്ട ഭക്തനെ നാം സ്വാമി എന്നു മാത്രമേ വിളിക്കാറുള്ളു. തികഞ്ഞ സന്ന്യാസീഭാവമാണ് ശബരിമല അയ്യപ്പനുള്ളതെന്നാണ് നാം മനസിലാക്കേണ്ടത്. സന്യാസിയായ ശ്രീ അയ്യപ്പൻ കഠിന തപസ്സിലൂടെ നേടിയെടുത്ത ചൈതന്യം മുഴുവനുമാണ് ശബരിമലയിലെ ശാസ്താവിഗ്രഹത്തിൽ ലയിച്ചു ചേർന്നിരിക്കുന്നത്. കാലങ്ങളായി ആചാരാനുഷ്ഠാനങ്ങളോടെ നടത്തുന്ന ആരാധനയും ഭക്തജനങ്ങളുടെ ജപവും പ്രാർത്ഥനയുമെല്ലാം ആ ചൈതന്യത്തെ വർദ്ധിപ്പിക്കുന്നു.

അതിൽ നിന്നൊരല്പം, അവിടെ ഭക്തിപൂർവ്വം ദർശനത്തിനെത്തുന്ന ഭക്തനും അനുഭവവേദ്യമാകുന്നു. അപ്പോൾ അവൻ സ്വയം അയ്യപ്പനായി മാറുന്നു. ഭക്തൻ ഭഗവാനായി മാറുന്ന ഈ മഹത് പ്രക്രിയയാണിവിടെ നടക്കുന്നത്. ഒരു സ്വാമി പ്രഭാഷണത്തിൽ പറഞ്ഞതുപോലെ ആയുർവേദ ചികിത്സയിൽ പത്ഥ്യം നോക്കുന്നതിന്റെ ശ്രദ്ധയ്ക്കനുസരിച്ച് മരുന്നിന്റെ ഫലം വരാറുള്ള മാതിരി വ്രതാനുഷ്ഠാനങ്ങളുടെ നിഷ്ഠയും തീവ്രതയുമനുസരിച്ച് ഈശ്വരാനുഭൂതിയുടെ സാന്ദ്രതയ്ക്കും മാറ്റം വന്നേക്കാമെന്നു മാത്രം. അയ്യപ്പൻറെ യോഗനിഷ്ഠയും ബ്രഹ്മചര്യവുമൊന്നും ഒരു യുവതി മുന്നിൽവന്നുനിന്നാൽ ഇല്ലാതാവില്ല. പക്ഷെ 'തത്ത്വമസി' എന്ന മഹത് ഭാവത്തിലെത്താൻ വേണ്ടി വ്രതമെടുത്ത് ബ്രഹ്മചര്യം അനുഷ്ഠിച്ചു ഇരുമുടിക്കെട്ടുമേന്തി കല്ലും മുള്ളും ചവിട്ടി മലകയറി ശബരിമലയിലെത്തി പതിനെട്ടാം പടി ചവിട്ടുന്ന ഭക്തരായ നമുക്കുതന്നെയാണ് ഈ ആചാരം തകരുമ്പോൾ ആഗ്രഹിച്ച അനുഭൂതിയും ചൈതന്യവും ലഭിക്കാതെ വരുന്നത്. ആചാരലംഘനങ്ങൾ ഇങ്ങിനെയാണ് നമ്മുടെ നാശത്തിനു കാരണമാകുന്നത്.

ശബരിമല അയ്യപ്പസ്വാമിയുടെ ചൈതന്യപ്രഭാവം അനുഭവിച്ചറിയാൻ എല്ലാ ഭക്തരും വൃതാനുഷ്ഠാനങ്ങളോടെ മാത്രം മല ചവിട്ടട്ടെ.

സ്ത്രീ പുരുഷ സമത്വം വേണ്ട വേദികളിൽ മാത്രമേ അതിനുവേണ്ടി പോരാടാവൂ. സമത്വത്തിനു പോരടിച്ച് ഇന്നത്തെ സ്ത്രീകൾക്ക് 'ശ്രീ' ഇല്ലാതായിരിക്കുന്നു. ഈ പോക്ക് ശരിയല്ല.

നമുക്കൊന്ന് തീരുമാനിയ്ക്കാം ശബരിമല യുവതീപ്രവേശനത്തെ നമ്മൾ അനുകൂലിയ്ക്കില്ല ചെയ്യില്ല പ്രേരിപ്പിക്കുകയുമില്ല. പിന്നെ എല്ലാം ഭഗവാന്റെ ഇച്ഛ !!

## തുലാസിന്റെ ധർമ്മം

**'മാ വിദ്വിഷാവഹൈ'** (പരസ്പരം വിദ്വേഷമുണ്ടാവാതിരിക്കട്ടെ)

സത്യമേതാണെന്ന് മനസ്സിലായാലും പുറത്തുപറയാൻ സാധിക്കാത്ത രീതിയിൽ വല്ലാത്തൊരു പിടിയിൽ പെട്ടിരിക്കുകയാണ് നാമെല്ലാം..

വിശ്വാസവും നിയമവും തമ്മിലാണ് മത്സരം. വിശ്വാസത്തിന്റെ മുകളിൽ നിയമം ദുർവാശിയോടെ പിടിമുറുക്കുന്നു. ധാരണകൾ വ്യക്തമല്ലാത്തതിനാൽ വിശ്വാസം നിയമത്തിന് മുകളിൽ മേൽക്കോയ്മ സ്ഥാപിക്കാൻ ശ്രമിക്കുന്നു. തോൽവിയും ജയവുമുള്ള, മനസ്സമാധാനം കെടുത്തുന്ന കളിയാണ് നാം കളിച്ചുകൊണ്ടിരിക്കുന്നത്..

അനുചിതമല്ലാത്ത വാദപ്രതിവാദങ്ങളിലൂടെ സ്വയം വിഡ്ഢികളാകുകയും, മറ്റുള്ളവരെ വിഡ്ഢികളാക്കുകയും ചെയ്യുന്ന അനാവശ്യമായ ഒരു തീക്കളി. തുലാസിന്റെ തട്ടുകൾ മാറിമാറിത്താഴുന്നു. ഇടയിൽ സഭ്യമല്ലായ്മയുടെ പെരുമഴയും. .

സ്വയം വന്നുചേർന്നവരും, വിളിച്ചുവരുത്തിയവരും, നിവൃത്തിയില്ലാതെ എത്തിയവരുമായ ജനസമൂഹം തന്റെ മുന്നിലും പിന്നിലും നിൽക്കുമ്പോൾ നാവ് നിയന്ത്രണം വിട്ടുപോകുന്നു. .

ഉചിതമായ സമയത്ത് സ്വയം മാറാതെ കാലം പിടിച്ചുമാറ്റുമ്പോൾ വേദനിക്കുന്ന ആചാരങ്ങൾ. ഭാരതത്തിൽ ധർമ്മവും നീതിയും നിലനിൽക്കുന്നത് വിശ്വാസത്തിലധിഷ്ഠിതമായിട്ടാണെന്ന് മനസ്സിലായിട്ടും നിയമം ധാർഷ്ട്യത്തിന് വഴിതെളിക്കുന്നു. .

നിയമത്തെ അംഗീകരിച്ചുകൊണ്ടും ആചാരങ്ങളുടെ അർത്ഥത്തെ മനസ്സിലാക്കിക്കൊണ്ടും നമുക്ക് മുന്നോട്ടുപോകാം.

**എസ്.എൻ.നമ്പൂതിരി**

# ഇല്ലങ്ങളിലെ ഭാഷ

സി വി ശങ്കരൻ ചേലമറ്റത്തില്ലം

**ബന്ധുസൂചകപദങ്ങൾ**

അച്ഛന്റെ അഛൻ - **ഇല്ലത്തുമുത്തശ്ശൻ**
അച്ഛന്റെ അമ്മ - **ഇല്ലത്തുമുത്തശ്ശി**
അമ്മയുടെ അച്ഛൻ - **അമ്മാത്തുമുത്തശ്ശൻ**
അമ്മയുടെ അമ്മ - **അമ്മാത്തു മുത്തശ്ശി**
മുത്തശ്ശന്റെ അനുജൻ - **മുത്തഫൻ**
മുത്തശ്ശിയുടെ അനുജത്തി - **ചിറ്റമുത്തശ്ശി**
വല്ല്യച്ഛന്റെ വേളി - **വല്ല്യമ്മ**
അച്ഛന്റെ അനുജൻ - **അപ്ഫൻ**
അച്ഛന്റെ സഹോദരി - **അച്ഛൻപെങ്ങൾ, അച്ചോള്**
അച്ഛന്റെയൊ അമ്മയുടെയോ മൂത്ത സഹോദരി
**- പേരവ, പേരമ്മ, പേരശ്ശി**
അച്ഛന്റെ/ അമ്മയുടെ ഇളയ സഹോദരി-**ചിറ്റ, ചിറ്റശ്ശി**
മൂത്ത സഹോദരൻ-**ജ്യേഷ്ഠൻ (ഏട്ടൻ)**
മൂത്ത സഹോദരി - **ഓപ്പോൾ**
ജ്യേഷ്ഠന്റെ വേളി - **ഏടത്തി**
അമ്മയുടെ സഹോദരൻ - **അമ്മാമൻ**
അമ്മാമന്റെ വേളി - **അമ്മായി**
സഹോദരിയുടെ മകൻ/മകൾ
**- അനന്തിരവൻ/അനന്തിരവൾ**
(മരുമകൻ എന്നോ മരുമകൾ എന്നോ പറയാറില്ല)

**പലഹാരങ്ങൾ**

**1. കൊഴുക്കട്ട :** അരി അരച്ച് തേങ്ങയും ചേർത്ത് കുഴച്ചുരുട്ടി ഉരുളകളാക്കി ആവിയിൽ വേവിച്ചെടുക്കുന്ന ഒരു പലഹാരം. പൗർണമി ഒരിയ്ക്കലിനു രാത്രിയിൽ ഇതാണ് കഴിയ്ക്കാറ്

**2. തൊട്ടുപിരട്ടി :** അരി അരച്ചതിൽ തേങ്ങ ചിരിയതും ചേർത്ത് ചീനച്ചട്ടിയിൽ എണ്ണ പുരട്ടി ദോശ പോലെ ഉാക്കിയെടുക്കുന്ന പലഹാരം. ബ്രാഹ്മണർ സാധാരണ ഉഴുന്നു ഉപയോഗിച്ചുള്ള ദോശ ഉണ്ടാക്കാറില്ല.

**3. ഓട്ടട :** അരിപൊടിച്ചതും തേങ്ങ ചിരകിയതും ശർക്കര കൂട്ടിയോ കൂട്ടാതെയോ ഇലയിൽ പരത്തി ചൂടായ ഓട്ടുരുളിയിലൊ ചീനച്ചട്ടിയിലോ ഇട്ടു ചുട്ടെടുക്കുന്ന പലഹാരം ഇത് അരിയ്ക്കുപകരം തവിടുപയോഗിച്ചും ഉണ്ടാക്കാം.

**4. കിണ്ണത്തിലപ്പം :** അരിമാവും തേങ്ങായും ശർക്കര കൂട്ടിയോ കൂട്ടാതെയോ കിണ്ണത്തിൽ വച്ച് ആവിയിൽ വേവിച്ചെടുക്കുന്നത്.

**5. ഒറോട്ടി :** അരിപ്പൊടിയും ഉഴുന്നുപൊടിയും തേങ്ങായും സ്വല്പം കുരുമുളകുപൊടിയും ചേർത്ത് വട്ടത്തിൽ പരത്തി വെളിച്ചെണ്ണയിൽ വറുത്തെടുക്കുന്ന ഒരു എണ്ണപ്പലഹാരം

**6. ചീട :** ഒറോട്ടിയുടെ അതേസാമഗ്രികൾ പരത്തുന്നതിനു പകരം നെല്ലിക്കാപ്രമാണത്തിൽ ഉരുട്ടി വറുത്തെടുക്കുന്നത്

**7. കരോലപ്പം :**ഇത് ഉണ്ണിയപ്പം തന്നെ. അപ്പക്കാരയിൽ ഉണ്ടാക്കുന്നതുകൊണ്ട് കാരോലപ്പം.

## ആദരാഞ്ജലികൾ



വൈക്കം ശാഖയിൽ കൈനിക്കര ഇല്ലത്ത് **ഡി ദാമോദരശർമ്മ** (85) നിര്യാതനായി.




3–ാം ശ്രാദ്ധദിനം
**ഹരികൃഷ്ണൻ നമ്പൂതിരി എൻ**
നെടുവേലി ഇല്ലം (ഹരിശ്രീ) പുഴവാത്
ചങ്ങനാശേരി
സ്നേഹസ്മരണകളോടെ
സന്തപ്ത കുടുംബാംഗങ്ങൾ



വൈക്കം മറവൻതുരുത്ത് ചാവടി ഇല്ലത്ത് രാജേഷിന്റെ സഹധർമ്മിണി **ഉമാലക്ഷ്മി** (39) നിര്യാതയായി.




**നവംബർ 12ന് ഒന്നാം ശ്രാദ്ധദിനം**
**ശങ്കരൻ എളയത്**, കുറ്റിക്കാട്ട്കാവിൽ ഇല്ലം, വേലൂർ. തൃശൂർ , (സഹധർമ്മിണി : പദ്മിനി അന്തർജ്ജനം)
(മക്കൾ : ജയദേവൻ, സേതുമാധവൻ (മുംബൈ), ജയശ്രീ)



**10–ാം ശ്രാദ്ധദിനം.**

**ആർ.നാരായണൻ ഇളയത്**
വലിയമംഗലത്ത് ഇല്ലം, കൂവപ്പടി



വെമ്പള്ളി കല്ലാർവേലിൽ ഇല്ലത്ത് **കെ.എസ്.കേശവൻ ഇളയത്** (92) നിര്യാതനായി

**കേന്ദ്ര വാർത്തകൾ**

മലയാള ബ്രാഹ്മണ സമാജം 15 അംഗ എക്സിക്യൂട്ടീവ് കമ്മറ്റി 19. 12. 2018 ന് കോട്ടയം കേന്ദ്ര ഓഫീസിൽ പ്രസിഡന്റ് ശ്രീ T V നാരായണ ശർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ജനറൽ സെക്രട്ടറി ശ്രീ. ദേവൻ ഇളയത് സ്വാഗതം ആശംസിച്ചു. യോഗം താഴെക്കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. നിലവിലുള്ള ബ്രഹ്മശ്രീ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെ രാജി സ്വീകരിക്കുവാനും, ശ്രീ. ഹരികുമാർ പാണാട്ടില്ലത്തിന്റെ മുഖ്യ പത്രാധിപത്യത്തിൽ പുതിയ എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കുവാനും തീരുമാനിച്ചു. കേന്ദ്ര സമിതിക്കുവേണ്ടി ബ്രഹ്മശ്രീയുടെ മേൽനോട്ടം വഹിക്കുവാൻ ജോയിന്റ് സക്രെട്ടറി ശ്രീ V N ദിവാകരനെ ചുമതലപ്പെടുത്തി.

2. അഗആഎ ജനറൽ ബോഡിയിൽ MBS പ്രതിനിധികളായി വനിതകളും യുവജനങ്ങളും ഉൾപ്പെടെ 21 പേരെ നോമിനേറ്റ് ചെയ്തു.

3. MBS ന്റെ ആഭിമുഖ്യത്തിൽ KSK ഇളയത് മെമ്മോറിയൽ അക്ഷരശ്ളോക മത്സരം ആരംഭിക്കാൻ അനുമതി നൽകി.

4. അമ്പലപ്പുഴ കേന്ദ്രമാക്കി ആരംഭിക്കുന്ന പുതിയ ശാഖയുടെ ഉത്ഘാടനം 23. 12. 2018 ന് നടത്തുവാൻ തീരുമാനിച്ചു.

5. ഈ വർഷത്തെ പൂജാ പഠന ക്യാമ്പ് കൂരോപ്പട ധർമ്മശാസ്താ ക്ഷേത്രത്തിൽ നടത്താൻ തീരുമാനിച്ചു . കേന്ദ്ര പ്രസിഡന്റ് ശ്രീ. TV നാരായണ ശർമ്മയെ ക്യാമ്പിന്റെ കൺവീനറായും, ശ്രീ. പുരുഷോത്തമ ശർമ്മ, ശ്രീ. ഹരി മോഹൻ എന്നിവരെ ജോയിന്റ് കൺവീനർമാരായും തീരുമാനിച്ചു.

6. MBS ന്റെ ആഭിമുഖ്യത്തിൽ സമാജം പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാനും, നടപടിക്രമങ്ങൾ ഏകീകരിക്കുവാനും ഉദ്ദേശിച്ച് എല്ലാ ജില്ലയിലേയും ശാഖകളിലേയും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ ഉൾപ്പെടുത്തി ഫെബ്രുവരി രണ്ടാമത്തെയും മൂന്നാമത്തെയും ഞായറാഴ്ച്ചകളിലായി നേതൃത്വ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

കേന്ദ്ര 31അംഗ ഭരണ സമിതിയുടെ സംയുക്ത യോഗം 25. 11. 2018 ന് കോട്ടയം കേന്ദ്ര ഓഫീസിൽ ചേർന്നു. ശ്രീ. T N N ഇളയതിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീ. TV നാരായണ ശർമ്മയുടെ സ്വാഗത പ്രസംഗത്തിനു ശേഷം അദ്ധ്യക്ഷൻ പുതിയതായി തിരഞ്ഞടുക്കപ്പെട്ട ഭാരവാഹികളെ യഥാസ്ഥാനങ്ങളിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് പുതിയ ഭാരവാഹികൾ ചുമതല ഏറ്റെടുക്കുകയും പുതിയ പ്രസിഡന്റ് ശ്രീ T V നാരായണ ശർമ്മയുടെ അദ്ധ്യക്ഷതയിൽ യോഗം തുടരുകയും ചെയ്തു. തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ശ്രീ. നാരായണ ശർമ്മ സുഗമമായ രീതിയിൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കാൻ സഹായിച്ചതിൽ എല്ലാ സമാജാംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തി. തുടർന്ന് ജനറൽ സെക്രട്ടറി ശ്രീ. ദേവൻ ഇളയത് അവതരിപ്പിച്ച നയ രൂപരേഖ യോഗം പാസ്സാക്കി. ട്രഷറർ ശ്രീ. K S D ഇളയത് സാമ്പത്തിക രൂപരേഖ അവതരിപ്പിച്ചു. മറ്റ് ഭാരവാഹികളും യോഗത്തിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ജോ. സക്രെട്ടറി ശ്രീ. മോഹൻ കുമാർ കൃതജ്ഞത പ്രകാശിപ്പിച്ചു. ഐകമത്യസൂക്ത ജപത്തോടെ യോഗം അവസാനിച്ചു.

**എറണാകുളം ജില്ല**

ജില്ലാ കമ്മിറ്റി 23-12-2018 ന് പെരുമ്പാവൂരിൽ വച്ച് കൂടി. കേന്ദ്ര ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട KSDഇളയതിനെ പൊന്നാടയണിയിച്ച് ആദരിച്ചു. തുടർന്ന് പുനസംഘടിച്ച ആലുവാ ശാഖയുടെ ഭരണ സമിതിയെ അം ഗീകരിക്കുകയും കേന്ദ്രത്തിന്റെ അംഗീകരത്തിനായി അയക്കാനും തീരുമാനിച്ചു.ആലുവാ ശാഖയിലെ ശ്രീ ദാമോദരൻ ഇളയതിന് പ്രളയ ദുരിതാശ്വാസമായി പതിനായിരം രൂപ ' ആലുവാ ശാഖയുടെ അടുത്ത യോഗത്തിൽ നൽകുവാനും തീരുമാനിച്ചു. വരിസംഖ്യ/ ബ്രഹ്മശ്രീ കുടിശിക ശാഖകൾ ജനുവരി 31നകം അടക്കണമെന്നും യോഗം തീരുമാനിച്ചു. ശാഖാ യോഗങ്ങളിൽ നിരീക്ഷകരായി പങ്കെടുക്കേണ്ട ജില്ലാ കമ്മിറ്റിയംഗങ്ങളെ പ്രത്യേകം ക്ഷണിക്കുവാൻ ശാഖാ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി. ജില്ലാ പ്രവർത്തന ഫണ്ട് സമാഹരണത്തിനായി പദ്ധതി തയ്യാറാക്കുവാൻ ജില്ലാ ട്രഷറർ പുരുഷോത്തമൻ ഇളയതിനെ ചുമതലപ്പെടുത്തി.

**പെരുമ്പാവൂർ ശാഖ :** ഡിസംബർ മാസം

M.B.S. പെരുമ്പാവൂർ ശാഖാ യോഗം 8122018 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2:30ന് ശാഖാ ഓഫീസിൽ പ്രസിഡന്റ് പരമേശ്വരൻ ഇളയത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ അദ്ധ്യക്ഷൻ സംസ്ഥാന തെരഞ്ഞെടുപ്പിനെ സംബന്ധിച്ചു വിശദീകരിച്ചു . എല്ലാ തലത്തിലും ഉണ്ടായ ഭരണ മാറ്റത്തിൽ യോഗം പ്രതീക്ഷ പുലർത്തി. അടുത്ത മൂന്നു വർഷത്തെ പ്രവർത്തന റിപ്പോർട്ട് കേന്ദ്രം തയ്യാറാക്കിയത് ചർച്ച ചെയ്ത് യോഗം പരിപൂർണമായും അതിനോട് സഹകരിക്കണമെന്നും നിശ്ചയിച്ചു.

പലകാരണങ്ങൾ കൊണ്ടും മന്ദീഭവിച്ചു പോയ സമാജപ്രവർത്തനം എല്ലാ തലത്തിലും തരത്തിലും ഊർജസ്വലമാക്കാൻ എല്ലാവരും അങ്ങേയറ്റം സഹകരിക്കണമെന്ന് നിശ്ചയമെടുത്തു. 1617, 1718 വർഷത്തെ കണക്ക് ഓഡിറ്റ് നടത്തി അടുത്ത പൊതുയോഗത്തിൽ അവതരിപ്പിച്ചു പാസ്സാക്കണമെന്നും തീരുമാനമെടുത്തു.

2018-19 വർഷത്തെ പ്രവർത്തന ഫണ്ട് 2000 രൂപ, 2019 ജനുവരി മാസത്തെ മാസ യോഗത്തിനു മുമ്പ് അടച്ചു അംഗങ്ങൾ സഹകരിക്കണമെന്ന് നിശ്ചയിച്ചു. അംഗങ്ങൾക്കിടയിൽ ഏതെങ്കിലും തരത്തിൽ ശാഖാ പ്രവർത്തകരെ സംബന്ധിച്ചോ പ്രവർത്തനത്തെ സംബന്ധിച്ചോ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ മീറ്റിംഗിൽ വന്ന അത് പരസ്യമായി ഉന്നയിച്ചു സംശയം തീർക്കാവുന്നതാണ്.

കേട്ടിടത്തു കേട്ട് അഭിപ്രായം പ്രകടിപ്പിച്ചു നിസ്സഹകരത്തിന്റെയോ മറ്റുതരത്തിലുള്ള നിർമ്മമത്വത്തിന്റെയോ പാത സ്വീകരിക്കരുതെന്നും പങ്കെടുത്ത എല്ലാ അംഗങ്ങളും തീരുമാനമെടുത്തു. അങ്ങനെയായാലേ പുരോഗതിയുടെ പാത സുഗമമാകൂ എന്ന് നിശ്ചയിച്ചു യോഗം ഐകമത്യസൂക്തം ചൊല്ലി 5 മണിക്ക് അവസാനിച്ചു.

## ആലപ്പുഴ ജില്ല

തൈക്കാട്ടുശ്ശേരി ശാഖകളമംഗലത്തില്ലത്ത് യശ:ശരീരനായ കേശവൻ ഇളയതിന്റെ സഹധർമ്മിണി അമ്മിണി അന്തർജ്ജനം അന്തരിച്ചു. ആലപ്പുഴ ജില്ലാക്കമ്മറ്റിയുടെ യോഗം 91218 ഞായറാഴ്ച മുഹമ്മ താമരശ്ശേരിയില്ലത്തു വച്ചു കൂടി. ഭാവി പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്തു. അമ്പലപ്പുഴയിൽ പുതിയ ശാഖ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം തുടങ്ങാൻ തീരുമാനിച്ചു.

ആലപ്പുഴ ജില്ലാക്കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ പുതുമന ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വച്ച് നാരായണീയ ദിനം സമുചിതമായി ആഘോഷിച്ചു. സമ്പൂർണ്ണനാരായണീയ പാരായണം കേന്ദ്ര വൈസ് പ്രസിഡന്റ് പ്രൊഫ. കെ.ബാലചന്ദ്രശർമ്മ ഉദ്ഘാടനം ചെയ്തു. ശ്രീമതി.പി.വത്സലകുമാരി, (വാലയിൽ ഇല്ലം) ശ്രീമതി.കെ.കെ.ശാരദാമണി (കേന്ദ്ര എക്സിക്യൂട്ടീവ് അംഗം) എന്നിവരുടെ നേതൃത്വത്തിൽ സമ്പൂർണ്ണ നാരായണീയ പാരായണം ഉണ്ടായിരുന്നു. തുറവൂർ ശാഖ മുല്ലശ്ശേരി ഇല്ലത്ത് ബ്രഹ്മശ്രീ .ദാമോദര ശർമ്മയുടെ ഷഷ്ട്യബ്ദപൂർത്തി 14. 12.18 വെള്ളിയാഴ്ച അദ്ദേഹത്തിന്റെ വസതിയിൽ വച്ചു സമുചിതമായി ആഘോഷിച്ചു പൂജകൾ, നാരായണീയ പാരായണം എന്നിവയ്ക്കു ശേഷം നടന്ന ആശംസാ സമ്മേളനത്തിൽ ശാഖാ പ്രസിഡന്റ് ബ്രഹ്മശ്രീ.കെ .പി .രഘുനാഥ് ആദ്ധ്യ ക്ഷം വഹിച്ചു. ജില്ലാ പ്രസിഡന്റ് പ്രൊഫ. കെ.പരമേശ്വരൻ ഇളയത് ,ജില്ലാ സക്രെട്ടറി ബ്രഹ്മശ്രീ .പി.എം.വാസുദേവൻ, ജില്ലാ വൈസ് പ്രസിഡന്റ് ബ്രഹ്മശ്രീ.വി.എസ്.ശ്രീകുമാരൻ ഇളയത് ,തൈക്കാട്ടുശ്ശേരി ശാഖാ പ്രസിഡന്റ്.ബ്രഹ്മശ്രീ.കെ.എസ്.ബാലചന്ദ്രൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു:
മലയാള ബ്രാഹ്മണ സമാജം ആലപ്പുഴ ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിലുള്ള നാരായണീയ ദിനാഘോഷം കേന്ദ്ര വൈസ് പ്രസിഡന്റ് പ്രൊഫ.കെ.ബാലചന്ദ്ര ശർമ്മ ഉദ്ഘാടനം ചെയ്തു

## തിരുവനന്തപുരം

എം.ബി.എസ്. തിരുവനന്തപുരം ജില്ലയുടെ വാർഷിക കുടുംബസംഗമം 2018 ഡിസംബർ രണ്ടാം തീയതി ഞായറാഴ്ച തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിന്റെ ജി. വി. രാജാ ഹാളിൽവച്ച് കൂടി.

അതിനുശേഷം കുമാരി വീണ മാങ്ങോട്ട്ശേരി കുച്ചിപ്പുടി നൃത്തവും, മാസ്റ്റർ ഗോപീകൃഷ്ണൻ മാജിക് ഷോയും അവതരിപ്പിച്ചു.
12 മണിയോടെ എം.ബി.എസ്. തിരുവനന്തപുരം ജില്ലയുടെ 12ാം വാർഷിക പൊതുയോഗം അതേ വേദിയിൽ വച്ച് നടന്നു. എം.ബിഎസ് സംസ്ഥാന പ്രസിഡന്റ് ശ്രീ നാരായണ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട് സി. ഗോപാലകൃഷ്ണ ശർമയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കുമാരി തീർത്ഥശ്രീ ശർമ പ്രാർത്ഥനാ ഗാനം ആലപിച്ചു.

ശ്രീ ശ്രീവത്സലൻ നമ്പൂതിരി നടത്തിയ സ്വാഗതപ്രസംഗത്തിൽ നമ്മുടെ പോലത്തെ കൂട്ടായ്മകൾക്ക് ആനുകാലിക പ്രസക്തിയുള്ള സമയമാണ് എന്ന് സൂചിപ്പിച്ചു.

സ്വാമി വിവേകാനന്ദന്റെ ഉണരുക പ്രവർത്തിക്കുക എന്ന സന്ദേശം ഇന്നും പ്രസക്തമാണ് എന്ന് തന്നെ അധ്യക്ഷപ്രസംഗത്തിൽ ശ്രീ ഗോപാലകൃഷ്ണ ശർമ്മ പറഞ്ഞു. ജില്ലാ സെക്രട്ടറി സി. വേണുഗോപാൽ കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

അതിനുശേഷം തന്നെ ഉദ്ഘാടനപ്രസംഗത്തിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ റ്റി.വി.നാരായണ ശർമ്മ പ്രവർത്തനരേഖയെക്കുറിച്ച് വിശദമായി സംസാരിച്ചു.

മുഖ്യപ്രഭാഷണത്തിൽ എം.ബി.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ദേവൻ ഇളയത് രോഗമറിഞ്ഞ് ചികിത്സ വേണം എന്നത് പ്രാവർത്തികമാക്കാനുള്ള ശ്രമമാണ് പുതിയ ഭരണസമിതി നടത്താൻ ഉദ്ദേശിക്കുന്നത് എന്നു പ്രസ്താവിച്ചു. നമ്മൾ ഇന്ന് എവിടെ എത്തിയിരിക്കുന്നു എന്നതിനെപ്പറ്റി സ്വയംവിമർശനം ചെയ്യേണ്ടത് അത്യാവശ്യമാണ് എന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് കർമ്മരംഗത്ത് ശോഭിച്ച ശ്രീ നാരായണൻ നമ്പൂതിരിപ്പാട്, ശ്രീ ദാമോദരൻ ഇളയത് എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു. കഴിഞ്ഞ നവംബറിൽ നടന്ന കേന്ദ്ര ഭരണ സമിതി തെരഞ്ഞെടുപ്പിൽ ഭരണാധികാരിയായി സ്തുത്യർഹമായ പ്രവർത്തിച്ച ശ്രീ പി. കെ. ജയകുമാർ ശർമയെയും പൊന്നാടയണിയിച്ച് ആദരിച്ചു. തിരുവനന്തപുരം ജില്ലാ യൂണിറ്റ് പുരോഗതി പ്രാപിക്കുന്നതിൽ സന്തോഷമുണ്ട് എന്ന് തന്റെ ആശംസാപ്രസംഗത്തിൽ കേന്ദ്ര വൈസ് പ്രസിഡണ്ട് പ്രൊഫസർ ബാലചന്ദ്ര ശർമ പറഞ്ഞു.

കേന്ദ്രകമ്മിറ്റി അംഗം ശ്രീ ഹരി ശർമയും, കേന്ദ്ര വൈസ് പ്രസിഡണ്ട് ശ്രീമതി മായാ നാരായണനും ആശംസാപ്രസംഗങ്ങൾ നടത്തി. അതിനുശേഷം വിദ്യാഭ്യാസമേഖലയിൽ ഉന്നതവിജയം നേടിയ കുട്ടികൾക്ക് പുരസ്കാരങ്ങൾ നൽകി.

## ഗുരുവായൂർ ശാഖാ

വാർഷികാഘോഷം, 2018
മലയാള ബ്രാഹ്മണ സമാജം ഗുരുവായൂർ ശാഖയുടെ 5 ാം വാർഷികാഘോഷം ചിറ്റിലപ്പിള്ളി പുതുമന ഇല്ലത്ത് നാരായണൻ ഇളയതിൻറെ വസതിയിൽ വെച്ചു 04/11/2018 ഞായറാഴ്ച നടന്നു.
രാവിലെ 10 മണിക്ക് ശാഖാ പ്രസിഡണ്ടിൻറെ നേതൃത്വത്തിൽ ധ്വജാരോഹണം നടത്തി. ശാഖാ സക്രെട്ടറി ബ്രഹ്മശ്രീ. പരമേശ്വരൻ (വേണു) സദസ്സിന് സ്വാഗതം പറഞ്ഞു. ശാഖാ പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് ജോയിൻറ് സെക്രട്ടറി ശ്രീമതി.ശ്രീജ പരമേശ്വരൻ വായിച്ചവതരിപ്പിച്ചു. അനുശോചന പ്രമേയം ജോയിൻറ് സെക്രട്ടറി തന്നെയായ ശ്രീ.മല്ലിശ്ശേരി രാധാകൃഷ്ണൻ അവതരിപ്പിച്ചു. ചടങ്ങ് ഉദ്ഘാടനം ചെയ്തത് എം .ബി.എസ് തൃശ്ശൂർ പ്രസിഡണ്ട് ശ്രീ.രഘുനാഥ് കുറ്റിക്കാട് ആയിരുന്നു. ചടങ്ങിൽ സംസ്കൃതപണ്ഡിതനും പരേതനുമായ ബ്രഹ്മശ്രീ പി.സി വാസുദേവൻ ഇളയതിന്റെ മകൻ ബ്രഹ്മശ്രീ.പി.സി മുരളീമാധവൻ മുഖ്യാതിഥിയായിരുന്നു.

സംസ്കൃത വൈദികസാഹിത്യത്തിൽ സമഗ്രസംഭാവനക്ക് രാഷ്ട്രപതിയുടെ പ്രത്യേക പുരസ്കാരത്തിന് അദ്ദേഹം അർഹനായിരുന്നു. ശാഖ ആദരവ് പ്രകടിപ്പിക്കുന്നതിൻറെ ഭാഗമായി ശാഖയുടെ രക്ഷാധികാരിയായിട്ടുള്ള ബ്രഹ്മശ്രീ. കെ.വി.വാസുദേവൻ ഇളയത് അദ്ദേഹത്തിന് ഷാൾ അണിയിച്ചു. ഓരോ ശാഖാ കുടുംബത്തിനുമുള്ള ശങ്കരാചാര്യരുടെ ഫോട്ടോ നൽകുന്നതിൻറെ ഭാഗമായി കെ.വി.വാസുദേവൻ ഇളയത് ഫോട്ടോ അനാച്ഛാദനം ചെയ്ത് ബ്രഹ്മശ്രീ.പി.സി മുരളീമാധവൻ അവർകൾക്ക് സമ്മാനിച്ചു. തുടർന്ന് ഡോ.പി.സി.മുരളീമാധവൻ അനുഗ്രഹപ്രഭാഷണം നടത്തി. എസ്.എസ്.എൽ.സി വിജയികൾ, രാമായണ പ്രശ്നോത്തരി വിജയികൾ എന്നിവർക്ക് സമ്മാനദാനവും അദ്ദേഹം നിർവ്വഹിച്ചു. ചടങ്ങിൽ ജില്ലാ സെക്രട്ടറി ശ്രീ.ദേവൻ ഇളയത് കൊണഞ്ചേരി, ശ്രീ.കെ.വി.വാസുദേവൻ ഇളയത് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വായനാമത്സരവും നടന്നു. ബ്രഹ്മശ്രീ.തത്തമംഗലം ഇല്ലത്ത് രാജൻ ചടങ്ങിൽ കൃതജ്ഞത പ്രകാശിപ്പിച്ചു.

വൈകീട്ടത്തെ ചടങ്ങിൽ യുവകലാകാരൻമാർ തങ്ങളുടെ കലാവൈഭവം പ്രകടിപ്പിച്ചു. കൃഷ്ണനാട്ടത്തെ ആസ്പദമാക്കി മല്ലിശ്ശേരി ഉണ്ണികൃഷ്ണൻ ഇളയതിൻറെ പ്രഭാഷണവും ആർഷഭാരതത്തിൽ ബ്രാഹ്മണ സംസ്കാരത്തിൻറെ പ്രാധാന്യത്തെ കുറിച്ച് ചർച്ചയും ഉണ്ടായിരുന്നു. ശാഖാ ബന്ധുജനസംഗമത്തിൽ വെച്ച് ശാഖാ പ്രസിഡണ്ട് ബ്രഹ്മശ്രീ. പുതുമന നാരായണൻ ഇളയത് വായനാമത്സരവിജയിക്ക് സമ്മാനദാനവും നടത്തി. 5.15 ഓടെ ദേശീയഗാനത്തോടെ വാർഷികാഘോഷത്തിന് തിരശ്ശീല വീണു..

08/12/2018 : മാസാന്ത്യ ശാഖാ യോഗം കാക്കശ്ശേരി മൈമ്പിള്ളി ഇല്ലത്തിനടുത്തുള്ള സംസ്കൃത പണ്ഡിതൻ ബ്രഹ്മശ്രീ.പി.സി.വാസുദേവൻ ഇളയത് സ്മാരക ഹാളിൽ വെച്ച് ശാഖാ പ്രസിഡണ്ടിൻറെ അദ്ധ്യക്ഷതയിൽ നടന്നു. കാക്കശ്ശേരി മൈമ്പിള്ളി ഇല്ലത്തെ ഗൃഹനാഥനായ ബ്രഹ്മശ്രീ.ശ്രീകൃഷ്ണൻ ഇളയത് സദസ്സിന് സ്വാഗതം പറഞ്ഞു.

സെക്രട്ടറിയുടെ കാര്യപരിപാടി വിശദീകരണത്തിനു ശേഷം കേന്ദ്ര ഭരണസമിതിയിലേക്ക് ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബ്രഹ്മശ്രീ.ദേവൻ ഇളയതിന് ശാഖയുടെ മുതിർന്ന പൂജനീയ അംഗമായ ബ്രഹ്മശ്രീ.കെ.വി.വാസുദേവൻ ഇളയത് ഷാളണിയിച്ച് അനുഗ്രഹിക്കുകയും ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ശാഖാ പ്രസിഡണ്ടും സെക്രട്ടറിയും ട്രഷററും ചേർന്ന് ജനറൽ സെക്രട്ടറിക്ക് ഉപഹാരം നൽകി ആദരിച്ചു. ശാഖയിലെ പ്രമുഖരായ എല്ലാവരുടേയും ആശംസകൾ ഏറ്റുവാങ്ങിയ അദ്ദേഹം തുടർന്ന് മറുപടി പ്രസംഗം നടത്തി. ജനറൽ സെക്രട്ടറി എന്ന പദവിയിലെത്താൻ അദ്ദേഹത്തിന് നൽകിയ എല്ലാ പിന്തുണക്കും നന്ദി അറിയിക്കുകയും അദ്ദേഹത്തിൻറെ പദവിക്കനുസരിച്ച കാര്യനിർവ്വഹണത്തിന് അകമഴിഞ്ഞ ഭാവി പിന്തുണക്കും അഭ്യർത്ഥിച്ചു. ശാഖാ സെക്രട്ടറിക്ക് നിയുക്ത കേരളബ്രാഹ്മണ സമാജഭാരവാഹികളുടെ 20 ഇന നയരൂപീകരണ റിപ്പോർട്ട് ചർച്ചകൾക്കായി അദ്ദേഹം കൈമാറി.

പൗരോഹിത്യം കുലത്തൊഴിലായ സമുദായത്തിന് അതിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്ന് മാത്രമല്ല, അതിനെ അവഹേളിക്കുന്നതായ സമീപനമാണ് സമാജത്തിനിടയിലുള്ളതെന്ന് ചർച്ചയിൽ ഉയർന്നു വന്നു. അതിനുള്ള പ്രാധാന്യം നിയുക്ത ഭരണസമിതിക്കുണ്ടാകണമെന്ന് ചർച്ചയിൽ അഭിപ്രായപ്പെട്ടു. മലയാള ബ്രാഹ്മണ സമാജം ഇറക്കുന്നതായ ഇംഗ്ലീഷ് മാസത്തിനു പ്രാധാന്യം നൽകുന്ന കലണ്ടർ മാറ്റുന്നതിനും, മലയാളമാസത്തിനും ഞാറ്റുവേലക്കും പഞ്ചാംഗത്തിനും പ്രാധാന്യമുള്ള കലണ്ടർ ഇറക്കുന്നതിന് കേന്ദ്ര നേതൃത്വത്തിന് നിവേദനം നൽകുന്നതിന് ജില്ലാ ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു. ശാഖാ ട്രഷറർ ബ്രഹ്മശ്രീ.ചേറ്റുവെട്ടി സുബ്രഹ്മണ്യൻ ഇളയതിന്റെ കൃതജ്ഞതയോടെ യോഗം 5.30 ന് സമാപിച്ചു.

## കൊരട്ടി ശാഖ

സെപ്തംബർ മാസയോഗം 16-9-2018 ൽ ചെറുവാളൂർ വെളുത്തശ്ശേരി വിശ്വനാഥൻ ഇളയതിന്റെ ഇല്ലത്തുവച്ച് നടന്നു. വൃക്ഷത്തൈ നട്ടുകൊ് യോഗം ഉദ്ഘാടനം ചെയ്തു. പ്രളയബാധിതരായ അംഗങ്ങൾക്കുള്ള ധനസമാഹരണം നടത്തുന്നതിന് ചർച്ചയും തീരുമാനവുമായി.

ശാഖയുടെ നവംബർ മാസത്തെ യോഗം 20-11-2018 ഞായറാഴ്ച ഉച്ചയ്ക്ക് 3ന് അന്നമനട വെളുത്തമശ്ശേരി വി.എൻ.നാരായണൻ ഇളയതിന്റെ ഇല്ലത്തുവച്ച് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. തുടർനടപടികൾക്കു ശേഷം പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച കുടുംബങ്ങൾക്ക് ചെറിയൊരു കൈത്താങ്ങായി ഒരു നിശ്ചിത തുക വിതരണം ചെയ്യുകയുണ്ടായി. കഴിഞ്ഞ ലക്കത്തിൽ താഴെപ്പറയുന്ന കുടംബങ്ങളടെ പേരുകൾ വിട്ടുപോയി. അഷ്ടമിച്ചിറ രവി ഇളയത് ചുണ്ടക്കാട്ടില്ലം, സി.എൻ.എൻ.ഇളയത് ചുണ്ടക്കാട്ടില്ലം, പരമേശ്വരൻ ഇളയത് മംഗലത്തില്ലം, കെ.എം. രവി കീരാത്തോളി ഇല്ലം, മനോജ് കീരാത്തോളി ഇല്ലം. നിരവധി കുടുംബങ്ങൾക്ക് അഭയമേകി. സംരക്ഷ നൽകിയ മേൽപ്പറഞ്ഞ ശാഖാംഗങ്ങളുടെ സ്തുത്യർഹമായ സേവനത്തെ ശാഖ നന്ദിപൂർവ്വം സ്മരിക്കുന്നു


### ബ്രഹ്മശ്രീ
## പരസ്യനിരക്കുകൾ

| | |
|---|---|
| ബാക്ക് കവർ | : 5,000 |
| ഫ്രണ്ട്/ബാക്ക് ഇൻ ക്ളാസിഫൈഡ്സ് | : 3,000 |
| 7 × 4 cm | : 300 |
| ഫോട്ടോ (കളർ) | |
| 9 x 6 cm | : 750 |
| 8 x 4 cm | : 600 |
| 5 x 6 cm | : 400 |
| ഫോട്ടോ (B/W) | |
| 5 x 6 cm | : 300 |

## അമ്പലപ്പുഴ ശാഖ

അമ്പലപ്പുഴ ശാഖ പുനരുജ്ജീവനം പ്രൗഢ ഗംഭീരമായിരുന്നു. 22 അംഗങ്ങൾ ഹാജർ ഉണ്ടായിരുന്നു. കൃത്യം 3 മണിക്ക് വിഷ്ണു സഹസ്രനാമ ജപത്തോടു കൂടി കാര്യപരിപാടികൾ ആരംഭിച്ചു. ആചാര്യ വന്ദനത്തോടു കൂടി യോഗം ആരംഭിച്ചു.ജില്ല പ്രസിഡന്റ് ബ്രഹ്മശ്രീ പരമേശ്വരൻ ഇളയത് മാന്താനത്തില്ലം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ല സെക്രട്ടറി വാസുദേവൻ പുല്ലയിൽ ഇല്ലം സ്വാഗതം ആശംസിക്കുകയും തുടർന്ന് അദ്ധ്യക്ഷൻ ഉപക്രമ പ്രസംഗം നടത്തുകയും അതിനു ശേഷം ബഹു .സംസ്ഥാന പ്രസിഡന്റ് ബ്രഹ്മശ്രീ ടി.വി.നാരായണ ശർമ്മ യോഗം ഉത്ഘാടനം നടത്തുകയും ചെയ്തു.സംസ്ഥാന ജന.സെക്രട്ടറി ബ്രഹ്മശ്രീ ദേവൻ ഇളയത് , ട്രഷറർ ബ്രഹ്മശ്രീ KSD ഇളയത്, വൈ. പ്രസിഡന്റ് ബ്രഹ്മശ്രീ ബാലചന്ദ്ര ശർമ്മ, ജോ. സെക്രട്ടറി ബ്രഹ്മശ്രീ മോഹൻകുമാർ, വനിത കോഓർഡിനേറ്റർ ശ്രീമതി ശാരദാമണി, ജില്ല ട്രഷർ ബ്രഹ്മശ്രീ ടി.എൻ ശ്രീനാഥ് കമാർ എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തുകയും പുതിയതായി തിരഞ്ഞെടുത്ത ശാഖ സെക്രട്ടറി ബ്രഹ്മശ്രീ ഉണ്ണികൃഷ്ണൻ വേമ്പനാട്ട് ഇല്ലം നന്ദി പറയുകയും ചെയ്ത് യോഗം 4.30 ന് പിരിഞ്ഞു.

**പുതിയ ശാഖാ ഭാരവാഹികൾ:**
പ്രസിഡന്റ്.ശ്രീമതി ഓമനകുഞ്ഞമ്മ തോട്ടപ്പള്ളി ഇല്ലം, വൈ. പ്രസിഡൻറ്.ബ്രഹ്മശ്രീ മഹാദേവൻ നാരായണമംഗലത്ത് ഇല്ലം, സെക്രട്ടറി .ബ്രഹ്മശ്രീ ഉണ്ണികൃഷ്ണൻ വേമ്പനാട്ട് ഇല്ലം, ജോ. സെക്രട്ടറി. ബ്രഹ്മശ്രീ സുരേഷ് കൊടക്കാട്ട് ഇല്ലം, ഖജാൻജി.ധനേഷ് കുമാർ തോട്ടപ്പള്ളി ഇല്ലം.



# ഫലം ഈശ്വര കല്പിതം

കെ.എൻ.കാരിക്കോട്,
ഗോകുലം ഹൗസ്, പെരുമ്പാവൂർ
94963 43125

വേണ്ടവർ തിക്കിത്തിരക്കി
വേണ്ടാതീനങ്ങൾ കാട്ടവെ
വേണ്ടാസ്ഥാനമാനങ്ങൾ
വെള്ളത്തൊപ്പികൾ തൂവലും
അധികാരങ്ങൾ വേണ്ടൊട്ടും
അവകാശങ്ങളുമില്ലപോൽ
എല്ലാത്തിലുമുണ്ടൊന്നാലൊ-
ന്നിലും ഞാനില്ലാ ഒരിക്കലും
കാര്യമെല്ലാം നടക്കേണം
കാര്യസ്ഥനാകേണ്ടതില്ല
സ്നേഹബുദ്ധികളോതേണം
സ്നേഹിതനായി നിൽക്കേണം
കർമ്മങ്ങൾ നന്നായ് നടത്തുന്ന
കർമ്മിയാണെന്നുമുത്തമൻ
ഞാനെന്ന ഭാവം വേണ്ടാർക്കും
എന്നേക്കാൾ കേമനാണേവരും
ആരിലും മേലെയാണെന്ന
ചിന്ത തന്നെയഹങ്കാരം
ചീത്ത ചിന്തകൾ മാറീടാൻ
ചിത് പുരുഷനെയോർക്കണം

മനോവാക്കായ കർമ്മങ്ങൾ
മനസ്സാക്ഷിയ്ക്കു ചെയ്യണം
പേക്കൂത്തുകളാടി നിത്യം
പേരെടുക്കുന്ന പൂരുഷൻ
പേ പിടിച്ച നായയേക്കാൾ
പേടിക്കേണ്ടവനാണുപോൽ
പ്രേരകങ്ങളേക്കാളെന്നും
പ്രയോജകങ്ങളാണുത്തമം
പേരുണ്ടാക്കേണ്ടതല്ലാർക്കും
ഉണ്ടാകേണ്ടതാണെന്നും
അധികാരങ്ങൾ കൊടുക്കേണം
തേടിപ്പോകരുതാരുമെ!
അർഹതയ്ക്കാണംഗീകാരം
വേണ്ടാതീനത്തിനല്ലപോൽ
ആത്മാഭിമാനം വിട്ടുള്ള
നേട്ടങ്ങൾ നേടുന്നവൻ
ആത്മനാശം വരുത്തുന്നു
അറിഞ്ഞാരും നശിക്കണ്ട
പിടിച്ചെടുക്കുന്നതൊന്നും
നിലനിൽക്കിലൊരിക്കലും
നാട്യങ്ങളെന്നും നമുക്കും
നാണക്കേടു വരുത്തീടും.
സേവചെയ്യുന്ന പുരുഷൻ
സേവിതനായി വന്നീടും

ചെണ്ടകൊട്ടിന്റെ മുമ്പിൽ നിന്നു
തുള്ളിച്ചാടുന്ന വ്യക്തികൾ
താളമേളങ്ങളറിയാതെ
താളക്കേടുകൾ കാട്ടവെ
താളബോധ രാജാവെന്ന്
മറ്റുള്ളവർ ധരിക്കുമോ
തനിക്കാക്കി വെടക്കാക്കാൻ
താനെന്തിനു തുനിയണം
ആത്മരോഷം കൊള്ളുമ്പോൾ
തന്നോടു തന്നെ ചോദിക്കു
താൻ ചെയ്തതു ശരിയല്ലയൊ?
ഉത്തരം ശരിയെങ്കിൽ
ഉറച്ചു തന്നെ നില്ക്കണം
അല്ലെങ്കിലറയ്ക്കേണ്ടൊട്ടും
താൻ തന്നെ താഴണം
കയ്യേറും കുല താഴുന്നു
സത്യം മറക്കാതിരിക്കണം
വളരുന്ന യുവത്വത്തിന്നു
വഴിമാറിക്കൊടുക്കണം
തട്ടിമാറ്റുമല്ലെങ്കിൽ
പിന്നിൽ നിന്നു വരുന്നവൻ
കർമ്മങ്ങൾ ചെയ്യാതുള്ള
കാംക്ഷിതങ്ങളൊക്കെ നിഷ്ഫലം
കർമ്മം ചെയ്യുക സാദ്ധ്യം
ഫലമീശ്വര കല്പിതം

## ആശംസകൾ



ഡിസംബർ 5ന് ഇരുപത്തഞ്ചാം വിവാഹ വാർഷികം ആഘോഷിക്കുന്ന കൂത്താട്ടുകുളം ശാഖാ നാരായണ മംഗലത്ത് ഇല്ലത്ത് ബ്രഹ്മശ്രീ. **എൻ.ഹരികുമാറും പത്നി ജയശ്രീ ഹരികുമാറും.**
മക്കൾ: പ്രഭുൽ എച്ച് ശർമ്മ, പ്രണവ് എച്ച് ശർമ്മ

# ഒന്നാം പിറന്നാൾ ആശംസകൾ






**അദ്രി** **ദക്ഷ്**

**2019 ജനുവരി 26ന് ഒന്നാം പിറന്നാൾ ആഘോഷിക്കുന്ന അദ്രി, ദക്ഷ്. തൃശ്ശൂർ അന്നമനട വെളുത്തമേശ്ശേരി ഇല്ലത്ത് രോഹിത്– രമ്യ രോഹിത് ദമ്പതികളുടെ പുത്രന്മാരാണ്.**

## മലയാള ബ്രാഹ്മണസമാജം  കേന്ദ്രഭരണസമിതി



റ്റി. വി. നാരായണ ശർമ്മ
പ്രസിഡന്റ്



ദേവൻ ഇളയത്
സെക്രട്ടറി



കെ. എസ്. ഡി. ഇളയത്
ട്രഷറർ



മായാനാരായണൻ
വൈസ് പ്രസിഡന്റ്



ബാലചന്ദ്രശർമ്മ
വൈസ് പ്രസിഡന്റ്



മോഹൻ കുമാർ
ജോയിന്റ് സെക്രട്ടറി



വി. എൻ. ദിവാകരൻ
ജോയിന്റ് സെക്രട്ടറി

## എഡിറ്റോറിയൽ ബോർഡ്, ബ്രഹ്മശ്രീ



ശ്രീ. പി. ഹരികുമാർ
(മുഖ്യ പത്രാധിപർ)



ശ്രീ വി. എൻ. റ്റി. നമ്പൂതിരി
(ഫിനാൻസ്)



അരുൺ കീച്ചേരിൽ
(സർക്കുലേഷൻ)



ശ്രീ നീലാംബരൻ ഇളയത്



ശ്രീ എം. എൻ. കേശവൻ ഇളയത്



ശ്രീമതി. ശാരദാമണി കെ. കെ



ഡോ. ഹരികൃഷ്ണ ശർമ്മ